

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുട്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഫ്.ഡി.കെ. പി.2/986/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 13/10/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ നടപ്പുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അതു സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഫ്.ഡി.കെ. പി.2/986/2025 തീയ്യതി: 13/10/2025

ഇടുക്കി ജില്ലയിലെ മൂട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2024 മുതൽ 11-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ ചെലവ്, പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജേഷ് സി ഹരിബാൽ	ഡെപ്യൂട്ടി ഡയറക്ടർ	14-07-2025	19-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-07-2025	19-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി .മരുൺ മാത്യു ,ഓഡിറ്റ്ഓഫീസർ
ശ്രീ.ഷാന്റി ജോർജ് ,ഓഡിറ്റ് ഓഫീസർ
ശ്രീമതി .അനിറ്റ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി .മായാകൃഷ്ണൻ, സീനിയർഗ്രേഡ് ഓഡിറ്റർ

ശ്രീമതി .സ്വപ്ന .വി .സീനിയർഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷെർലി അഗസ്റ്റിൻ	പ്രസിഡന്റ്	01-04-2024	30-10-2024
ശ്രീ ബിജോയ് ജോൺ	പ്രസിഡന്റ്	01-11-2024	17-11-2024
ശ്രീമതി മേഴ്സ്സ് ദവസ്യ	പ്രസിഡന്റ്	18-11-2024	31-03-2025
ശ്രീമതി രേണുകാദേവി അമ്മാൾ എസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി .മഞ്ജു കെ.ആർ	അസിസ്റ്റന്റ് എൻജിനീയർ	01-04-2024	31-03-2025
ശ്രീമതി .അശ്വതി ദേവ്	കൃഷി ഓഫീസർ	01-04-2024	30-12-2024
ശ്രീമതി .അഞ്ജു സി.എൽ	കൃഷി ഓഫീസർ	31-12-2024	31-03-2025
ശ്രീ. ബെന്നി ജോൺ	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീ മതി ദീപ കെ.കെ	സീനിയർ വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ .ഫൈസൽ പി.വി	വി.ഇ.ഒ മുട്ടം സർക്കിൾ	01-04-2024	31-03-2025
ശ്രീമതി. ജയലക്ഷ്മി ബി നായർ	വി.ഇ.ഒ തുടങ്ങനാട് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി .എലിസബത്ത് ജോസഫ്	വി.ഇ.ഒ,ചള്ളാവയൽ സർക്കിൾ	01-04-2024	01-01-2025
ശ്രീമതി. ജയലക്ഷ്മി ബി നായർ	വി.ഇ.ഒ,ചള്ളാവയൽ സർക്കിൾ	02-01-2025	31-03-2025
ഡോ. സരള എ.സി	മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി മുട്ടം	01-04-2024	31-03-2025

ഡോ. ഗായത്രി വി. ജി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീമതി. ആശ പി.വി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി. ജാസ്മിൻ സി.എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	വണ്ടിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-4
6	ആസ്തിബാധ്യതക്കണക്കുകൾ കൃത്യമല്ല	1-1-5
7	തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല	1-1-6
8	അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു.	1-1-7
9	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല	1-1-8
10	സംരക്ഷണഗ്രാന്റ് (നോൺ - റോഡ്) - ൽ നിന്ന് മൂലധനച്ചെലവ് രേഖപ്പെടുത്തി.	1-1-9
11	ഷെഡ്യൂൾ ബി - 5, ഷെഡ്യൂൾ ബി - 16 എന്നിവയിലെ തുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-10
12	പദ്ധതിയുടെ ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-1-11
13	ബജറ്റ്	1-2
14	സർക്കാർ ഗ്രാന്റ് വിനിയോഗം - നിശ്ചിത ശതമാനം ചെലവഴിച്ചില്ല - ഗ്രാമപ്പഞ്ചായത്തിന് നഷ്ടം 24,09,718/-	1-3-1
15	സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിവരങ്ങൾ	1-3-2
16	ഗ്രാന്റ് വിനിയോഗം	1-3
17	പദ്ധതി അവലോകനം	1-4
18	തൊഴിലുറപ്പ് പദ്ധതി	1-5
19	ക്ഷേമപെൻഷനുകൾ	1-6
20	ക്യാഷ് ബാലൻസ് പരിശോധന	1-7
21	ആഭ്യന്തരനിയന്ത്രണം	1-8
22	ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-9
23	വസ്തുനികുതിയുടെ കുടിശ്ശിക - കേസുമായി ബന്ധപ്പെട്ട തുടർനടപടികൾ ത്വരിതപ്പെടുത്തുന്നില്ല	1-10
24	വാസഗൃഹനിർമ്മാണം - പെർമിറ്റ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കി	1-11

25	ജീവനക്കാരുടെ തൊഴിൽ നികുതി ഡിഡാന്റ് ചെയ്ത് ഈടാക്കിയില്ല	1-12
26	അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറിയിട്ടില്ല.	1-13
27	വൃക്ഷങ്ങളുടെ ലേലം - തുടർനടപടികൾ സ്വീകരിച്ചില്ല	1-14
28	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	1-15
29	പാലിയേറ്റീവ് പരിചരണപരിപാടി - നടത്തിപ്പിൽ അപാകങ്ങൾ	1-16
30	പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി	1-17
31	മാലിന്യനിക്ഷേപം - ഹോട്ട് സ്പോട്ടുകളിൽ ക്യാമറ സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമല്ല	1-18
32	എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നില്ല	1-19
33	മുട്ടം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കിയില്ല	1-20
34	മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തീയതി കരാറിൽ ഉൾപ്പെടുത്തുന്നില്ല.	1-21
35	മൂവ്മെന്റ് പെർമിറ്റ് - പെർമിറ്റിൽ അനുവദിച്ചതിലധികം മണ്ണ് ഖനനം നടത്തി - ഫൈൻ ഈടാക്കിയില്ല.	1-22
36	പ്രവൃത്തി പൂർത്തിയാക്കാതെ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല	1-23
37	ഗ്രാമപ്പഞ്ചായത്തിന്റെ റോഡ് കട്ടിങ്ങിനായി ലഭിച്ച അപേക്ഷകളിൽ നിർദ്ദിഷ്ട ഫീസ് ഈടാക്കിയതിൽ കുറവ്	1-24
38	ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.	1-25
39	ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികൾ - ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി	1-26
40	ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകങ്ങൾ	1-27
41	നിഷ്ക്രിയബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു	1-28
42	വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 16,69,209/- തടസ്സപ്പെടുത്തുന്നു	1-29
43	ജൽജീവൻ മിഷൻ - അവലോകനം	1-30
44	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-31
	ഭാഗം 2	
1	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	2-1

2	വാസഗൃഹനിർമ്മാണം - പെർമിറ്റ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കി	2-2
	ഭാഗം 3	
1	പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം തുക നൽകി - നഷ്ടം 5,000/-	3-1
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം ഒടുക്ക്	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടൻസ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായനിപ്രോട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന രേഖകൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4) പ്രകാരം, 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടുകൾ) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.06.2025 – ലെ 3(1) – നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം, തയ്യാറാക്കി 23.06.2025 – ൽ പിന്തുണയ്ക്കുന്ന രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുട്ടം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ

അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷിക സാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
13.10.2025
ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റ് പ്രകാരം 2024-2025 കാലയളവിലെ 'Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹12,91,573/- ആണ്. എന്നാൽ ഇതേ പതിക്കിന് 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹46,61,010/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റുമെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

നികുതി ചെയ്യുന്ന വസ്തുവകകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18), (ഐ-19) എന്നിവ പ്രകാരം, ജേണൽ വൗച്ചർ പ്രകാരം വസ്തുനികുതിയും പിഴയുകളായും ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ

മാധിറിന്ന ലഭ്യമാക്കിയില്ല ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-5 ആസ്തിബാധ്യതകണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ, ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തിയും ഇവയുടെ മൂല്യശോഷണകണക്കുകളും കൃത്യമല്ല.

1-1-6 തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, ചാർട്ട്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-7 അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു.

അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നതായി ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആസ്തി ഇനം	ആസ്തി തുക (₹)	ഡിപ്രീസിയേഷൻ (₹)
41080010I – അദർ ഫിക്സഡ് അസറ്റ്സ്	5,23,214/-	14,19,553/-
സർവേ	-	4,99,441/-

1-1-8 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യതുക തുക ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല

ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2024-2025 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടേണ്ട തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

1-1-9 സംരക്ഷണഗ്രാന്റ് (നോൺ - റോഡ്) - ൽ നിന്ന് മൂലധനച്ചെലവ് രേഖപ്പെടുത്തി.

സംരക്ഷണഗ്രാന്റ് (നോൺ റോഡ്) ഇനത്തിലെ ചെലവിൽ, ₹5,68,606/- ക്യാപ്പിറ്റൽ കോൺടിബ്യൂഷനിൽ ഉൾപ്പെടുത്തി. സംരക്ഷണഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണപ്രവൃത്തികൾക്കാണ്. സംരക്ഷണപ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൗണ്ടുകളിൽ രേഖപ്പെടുത്തേണ്ടത്.

1-1-10 ഷെഡ്യൂൾ ബി - 5, ഷെഡ്യൂൾ ബി - 16 എന്നിവയിലെ തുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി – 5 പ്രകാരം, സെക്യേർഡ് ലോൺ ഇനത്തിലെ ബാലൻസ് തുക ₹96,66,453/- ആയിരിക്കെ, ഷെഡ്യൂൾ ബി – 16 പ്രകാരമുള്ള പ്രീപെയ്ഡ് എക്സ്പെൻസസിന്റെ ബാലൻസ് ₹7,01,5477/- ആണ്.

1-1-11 പദ്ധതിയുടെ ചെലവ് തുകകൾ സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം 2024-2025 – ൽ ചെലവ് നടന്നിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതികളുടെ ചെലവ് വിവരം സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പദ്ധതി നം./ പദ്ധതിയുടെ പേര്	136/25, അതിദാരിദ്ര്യ നിർമ്മാർജ്ജനം – ജീവനോപാധി ലഭ്യമാക്കൽ	73/25, ലൈഫ് ഭവനപദ്ധതി – ഇനം തി
ഫണ്ടിനം	വികസനഫണ്ട് - ഇനം തി	ഹഡ്കോ ലോൺ
ബിൽ നം./ തീയതി/ ചെലവ് (₹)	241005000000008938/ 02.08.2024/ 21,987/-	50612009022400 28/ 23.10.2024/ 200,000/-

1-2 ബജറ്റ്

ബജറ്റ്

കമ്മിറ്റി തീരുമാനം		1(1)/09.02.2024		
ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം		5/06.02.2024		
മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
75,11,688/-	6,96,94,000/-	7,72,05,688/-	7,53,26,440/-	18,79,248/-

പുതുക്കിയ ബജറ്റ്

കമ്മിറ്റി തീരുമാനം		3(1)/13.03.2025		
ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം		3/04.03.2025		
മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
90,93,098/-	8,33,73,619/-	9,24,66,717/-	9,05,42,927/-	19,23,790/-

1-3-1 സർക്കാർ ഗ്രാന്റ് വിനിയോഗം - നിശ്ചിത ശതമാനം ചെലവഴിച്ചില്ല - ഗ്രാമപ്പഞ്ചായത്തിന് നഷ്ടം ₹24,09,718/-

ധനകാര്യവകുപ്പിന്റെ 15.07.2021 – ലെ ജി.ഒ.(എം.എസ്)നം.79/2021/ധന.- നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാതെ പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തികവർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവ് പരിധി 80 ശതമാനം കൈവരിച്ചാൽ മാത്രമേ സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ടുമെന്റിന്റെ 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% – Actual Expenditure) ചോർട്ട് ഫാളായി പരിഗണിച്ച് തുടർന്നു

വരുന്നതിന്റെ അടുത്ത സാമ്പത്തികവർഷത്തെ അലോട്ടമെന്റിൽനിന്ന് കുറവ് വരുത്തുന്നതാണ്. 2024-2025 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്), (നോൺ റോഡ് എന്ന് ഇനങ്ങളിൽ നിശ്ചിത 80% പരിധിയിൽക്കുറഞ്ഞത് ചെലവഴിച്ചാനായില്ല തൻമൂലം ഷോർട്ട് ഫാളായി 24,09,718/-- യാണ് 2026-2027 – ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ചെലവ് ശതമാനം (%)	അലോട്ട മെന്റിന്റെ 80% (₹)	2024-2025 – ൽ ആവശ്യമുള്ള കുറഞ്ഞ തുക (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2025-2026 - ൽ നഷ്ടമാകുന്ന തുക (₹)
ആസ്തി പരിപാലന ഗ്രാന്റ് (നോൺ റോഡ്)	50,97,000/-	**38,40,376/-**	76.30	40,77,600/-	10,19,400/-	2,37,224/-
ആസ്തി പരിപാലന ഗ്രാന്റ് (റോഡ്)	85,83,000/-	46,93,906/-	54.69	68,66,400/-	17,16,600/-	21,72,494/-
					ആകെ	24,09,718/-

1-3-2 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിവരങ്ങൾ

സ്ഥാപനം സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ അപ്ലോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, വിവിധ വിഭാഗം ഫണ്ടുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലും (അലോട്ടമെന്റ്) ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം	സ്രോതസിൽ നിന്ന് കുറവ് ചെയ്ത തുക (₹)
വികസന ഫണ്ട് – ജനറൽ	മൈക്രോ മിഷൻ വായ്പ തിരിച്ചടവ്	8,14,665/-
വികസന ഫണ്ട് – ജനറൽ	അങ്കണവാടി – അധിക വേതനം	6,13,200/-
വികസന ഫണ്ട് – എസ്.സി.പി.	മൈക്രോ മിഷൻ വായ്പ തിരിച്ചടവ്	2,65,804/-
വികസന ഫണ്ട് - ടി.എസ്.പി.	മൈക്രോ മിഷൻ വായ്പ തിരിച്ചടവ്	1,78,277/-

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ടമെന്റ് വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് ലഭ്യമായ തുക (₹)
വികസന ഫണ്ട് – ജനറൽ	0	94,88,000/-	94,88,000/-	94,66,013/-	30,21,987/-
വികസന ഫണ്ട് - എസ്.സി.പി.	0	26,05,000/-	26,05,000/-	25,95,000/-	10,000/-
വികസന ഫണ്ട് - ടി.എസ്.പി.	0	11,60,000/-	11,60,000/-	11,60,000/-	0
മെയിന്റനൻസ് ഗ്രാന്റ് – റോഡ്	0	85,83,000/-	85,83,000/-	46,93,906/-	38,89,094/-
മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്	0	50,97,000/-	50,97,000/-	38,40,376/-	12,56,624/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് – TIED – ബാങ്ക്	14,10,705/-	34,37,000/-	48,47,705/-	25,58,876/-	22,88,829/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് – TIED – ഷെഡ്	0	2,20,193/-	2,20,193/-	1,76,897/-	43,296/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് – UNTIED – ബാങ്ക്	10,05,865/-	17,01,887/- (15,98,146/- (ഗ്രാന്റ് +1,03,741/- പലിശ)	27,07,752/-	16,87,144/- (16,87,144/- + 292/- (ബാങ്ക് ചാർജ്)	10,20,608/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് – UNTIED – ഷെഡ്	0	12,895/-	12,895/-	0	12,895/-
ഐ.സി.ഡി.എസ്. – 320100196	8,44,873/-	8,06,210/-	16,51,083/-	14,03,742/-	2,47,341/-
സമ്പൂർണ്ണശുചിത്വം - 320100182	1,10,400/-	0	1,10,400/-	0	1,10,400/-
ക്ഷാമാലിന്യ സംസ്കരണം – 320200304	1,61,072/-	0	1,61,072/-	0	1,61,072/-
സംസ്ഥാന വിഹിതം – ഇൻസെന്റീവ് ഗ്രാന്റ് – 3202003S9	14,58,744/-	15,18,456/-	29,77,200/-	11,30,200/-	1,84,700/-
സംസ്ഥാന വിഹിതം - ഇ - സാക്ഷരത	64,520/-	0	64,520/-	0	64,520/-
സാക്ഷരത – 320100197	59,448/-	0	59,448/-	44885/-	14,563/-
ശുചിത്വ മിഷൻ – 320100198	1,17,117/-	19,954/-	1,37,071/-	13,954/-	1,23,117/-
അവാർഡ് - ശുചിത്വം – 320100105	9,00,000/-	0	9,00,000/-	0	9,00,000/-
പകർച്ചവ്യാധി – 320100195	4,312/-	0	4,312/-	0	4,312/-
ആശ്രയ – 320300199	28,325/-	17,628/-	45,953/-	0	45,953/-
ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി. - 320100202	9,781/-	2,58,346/-	2,68,127/-	0	2,68,127/-
ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി. - സബ്സെന്റർ – 320100204	5,553/-	4,42,288/-	4,47,841/-	0	4,47,841/-

1-4 പദ്ധതി അവലോകനം

2024-2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികളിൽ, നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി തുടക്കത്തിൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തത് (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
216	7,06,19,417/-	156	3,86,07,590/-	60	72.22

വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	തുടക്കത്തിൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)
കൃഷി ഓഫീസർ	6	6	5,50,000/-	5,44,773/-	99.04

വെറ്റിനറി സർജൻ	9	9	11,33,254/-	10,17,843/-	89.81
മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	12	9	20,62,770/-	12,10,658/-	58.68
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	5	5	11,85,000/-	11,61,114/-	97.98
ICDS സൂപ്പർവൈസർ	19	15	43,87,537/-	32,54,456/-	74.17
വി.ഇ.ഒ	32	24	2,99,35,708/-	1,58,18,115/-	52.84
ക്ഷീരവികസനഓഫീസർ	4	3	51,15,908/-	7,93,917/-	15.51
സെക്രട്ടറി	54	39	82,02,080/-	71,94,138/-	87.71
ഹെഡ്ക്ലാർക്ക്	7	7	4,41,671/-	3,11,688/-	70.57
അസിസ്റ്റന്റ് എഞ്ചിനീയർ	68	39	1,76,05,489/-	73,00,908/-	41.46
ആകെ	216	156	7,06,19,417/-	3,86,07,590/-	54.66

ജില്ലാ ആസൂത്രണസമിതിയുടെ 05.09.2024 – ലെ 677/2024/DPC/DPO/IDK – നം. ഉത്തരവ് പ്രകാരം, വിവിധ ഫണ്ടുകൾ വകയിരുത്തിയ 216 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 156 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹7,06,19,417/- – ൽ, ₹3,86,07,590/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുൻബാക്കി (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
മരണനിർവ്വഹണം	10	7,45,454/-	7,45,464/-	7,45,325/-	139/-
തൊഴിലാളികളുടെ കൂലി (നേരിട്ട് നൽകുന്നത്)	0	76,47,000/-	76,47,000/-	76,47,000/-	0
ആകെ				83,92,325/-	

1-6 ക്ഷേമപെൻഷനുകൾ

സാമൂഹ്യ വിവിധ ക്ഷേമപദ്ധതികൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	4,48,000/-	27
വിധവ പെൻഷൻ	49,08,400/-	309
വാർദ്ധക്യകാലപെൻഷൻ	1,41,24,700/-	945
വികലാംഗപെൻഷൻ	21,61,200/-	132
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3,12,000/-	19

1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2025 – ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹869/- (എണ്ണൂറ്റി അറുപത്തിയൊൻപത് രൂപ മാത്രം) യുടെ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുതല നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്റ്റിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ടച്ചുതലയുള്ളവർ മോണിട്ടറിംഗ് നടത്തുന്നതായി കാണുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധന നടത്തുന്നില്ല.

വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ, കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെന്നും അവ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് ഇനം ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 – ലെ സ.ഉ.(അ)നം.259/2010/തസ്വഭ. – പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം. എന്നാൽ, വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. സമാനമായ വിവിധ വാങ്ങൽ പദ്ധതികൾ ഒറ്റ പദ്ധതിയായി ആവിഷ്കരിക്കാതെ പല പദ്ധതികളായാണ് ആവിഷ്കരിച്ചിട്ടുള്ളത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും

സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷികാടിസ്ഥാനത്തിൽ തന്നെ നടത്തി സമഗ്രമായ നടപ്പിലാക്കുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല.

സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ക്രമപ്രകാരം ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം ഇടവിട്ടുള്ള പരിശോധനകൾ നടത്തി സമഗ്രമാക്കുവാനും സർക്കാർ കർശനനിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല.

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും വീഴ്ചവരുത്തിയിട്ടുണ്ട്. പദ്ധതിപ്രദേശം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണ സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോഗസ്ഥരുടെ പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ അപൂർണ്ണവുമാണ്.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 – ലെ കേരളപഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ല. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ടേക്കിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ 2024-25 വർഷത്തേക്കുള്ള ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടാത്തതുമാണ് .

ക്രമ നം.	സ്ഥാപനത്തിന്റെ/കെട്ടിടം നം./സ്ഥാപനത്തിന്റെ പേര്
1	ശ്രീമതി ജെസ്സി ജോസഫ് /13/664ഇ സിമ്മാണ് ഹോം നഴ്സിംഗ് സർവീസ്
2	ശ്രീമതി റെജിമോൾ കെ.വി/13/518എ, 674, 675 സാന്റാ മരിയാ ലോഡ്ജിംഗ് ഹൗസ്സ്
3	ഫുഡ് ലാന്റ് റസ്റ്റോറന്റ്/വാർഡ് 13
4	ശ്രീ ഷാജി തെക്കുംതല/13/509 വൈഗ ഫുഡ് കോർട്ട്
5	ശ്രീ ചാക്കോ അധികാരത്ത്/13/362 അധികാരത്ത് സ്റ്റോഴ്സ്

6	ശ്രീ ജൂഡോ സെബാസ്റ്റ്യൻ/13/203 വള്ളിപ്പറമ്പിൽ സ്റ്റോഴ്സ്
7	ശ്രീമതി സാലി പോൾ/13/197 ആദേശ് ബേക്കേഴ്സ്
8	ശ്രീ സുബിൻ പി തോമസ്/13/207 വൈഡ് ഐയിം ഫോട്ടോഗ്രാഫി

മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനു വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.9/16.07.2025) മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയത്. ഇതുകൂടാതെ ഗ്രാമപഞ്ചായത്തിലെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഫീൽഡ് പരിശോധനയിൽ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നതാണ്.

1-10 വസ്തുനികുതിയുടെ കുടിശ്ശിക - കേസുമായി ബന്ധപ്പെട്ട തുടർനടപടികൾ ത്വരിതപ്പെടുത്തുന്നില്ല

A) ഇട്ടം ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ പ്രവർത്തിക്കുന്ന ശ്രീ സോണി തോമസിന്റെ ഉടമസ്ഥതയിലുള്ള ഗ്രീൻ ഓമാസിസ് റിജൻസി ബാർ ഹോട്ടലിലെ 408 മുതൽ 430 വരെയുള്ള 23 മുറികൾക്ക് 2008-2009 സാമ്പത്തികവർഷം മുതൽക്ക് ₹13,006/- പ്രകാരം നികുതി നിശ്ചയിച്ച് നൽകിയിരുന്നതാണ്. 27.04.2015 – ലെ സ.ഉ.(എം.എസ്) നം.144/2015 - വസ്തുനികുതി പരിഷ്കരണച്ചട്ടം പ്രകാരം, 2013-2014 മുതൽ മുറി ഒന്നിന് ₹26,012/-ആയി നികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമാണ്. 2014-2015 ആദ്യ പകുതി വരെ ഇതനുസരിച്ച് ഉടമ വസ്തുനികുതി അടക്കിയിട്ടുള്ളതുമാണ്. പിന്നീട് ടി വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WPC 10783/2019, തീയതി 05.04.2019 നമ്പറായി കെട്ടിടം ഉടമ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ WP(C) നം. 10783/2019, തീയതി 10.04.2019 – നമ്പർ വിധിന്യായം പ്രകാരം ഹോട്ടൽ ഉടമ ശ്രീ സോണി തോമസുമായി ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം.B4-1392/2019/02.09.2019 പ്രകാരം 2013 – ലെ വസ്തുനികുതി പരിഷ്കരണത്തിനു ശേഷം നിലവിലുള്ള പരിധിക്ക് വിധേയമായി തന്നെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ 11.03.2019 – ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പുനഃനിർണ്ണയിക്കപ്പെട്ട വസ്തുനികുതി നിലനിർത്തുന്നു എന്നും ഉത്തരവായിട്ടുണ്ട്. ഇതിനെതിരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണലിൽ RP134/2019 - നമ്പർ ആയി 23.12.2019 – ന് കെട്ടിടം ഉടമ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയും ട്രിബ്യൂണൽ ഫോർ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്, തിരുവനന്തപുരം – ന്റെ 03.10.2024 – ലെ 134/2019 – നമ്പർ ഉത്തരവ് പ്രകാരം, വസ്തുനികുതി പരിഷ്കരണ അപ്പീലിൻമേലുള്ള ഉത്തരവ്

പുന:പരിശോധിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.14/19.07.2005) ലഭ്യമായ മറുപടിയിൽ കേസിന്റെ അന്തിമവിധി പ്രകാരം, 2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരമുള്ള നികുതി ഇളവുകൾ അനുവദിച്ചുകൊണ്ട് ടി കെട്ടിടത്തിന്റെ വസ്തുനികുതി പുന:നിശ്ചയിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും അതിന് പ്രകാരം സ്ഥലപരിശോധന നടത്തിയ മുറ ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ കെട്ടിടം പരിശോധന നടത്തിയതിൽ നിന്നും നിലവിലെ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിലും 749.46 ചതു അധികം നിർമ്മാണം നടത്തിയിരുന്നതായി ബോധ്യപ്പെട്ടുകയുണ്ടായി. അപാകതകൾ പരിഹരിക്കുന്നതിന് 03.02.2025 – ലെ PTRV05/55 – നമ്പർ കത്ത് പ്രകാരം സ്ഥാപനമുടമക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ടി ഉത്തരവ് പ്രകാരം നികുതി പുന:നിശ്ചയിക്കുന്നതിന്റെ ഭാഗമായി അതത് സമയം പ്രാബല്യത്തിലുള്ള ടി കെട്ടിടത്തിന്റെ കെട്ടിടനികുതി പുന:നിശ്ചയിച്ച് ടിയാളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു കൂടാതെ അധിക നിർമ്മാണം നടത്തിയിരിക്കുന്ന ഭാഗം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ശ്രീ സോണി തോമസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അപേക്ഷ പുനർസമർപ്പിച്ചിട്ടില്ല. നിലവിൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം, 24 – ാമത് കെട്ടിടത്തിന്റെ വസ്തുനികുതി കുടിശ്ശികയായി 2014-2015 മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ ഈടാക്കുവാനുള്ളത് ₹41,49,246/- – ആണ്. തുടർനടപടികൾ സ്വീകരിച്ചുവരുന്നതിനാൽ വസ്തുനികുതി കുടിശ്ശികയുടെ ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

B) സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിലെ വില്ലേജ് ഓഫീസിന്റെ (കെട്ടിടം നം.3/184) 2024-2025 സാമ്പത്തികവർഷത്തെ വസ്തുനികുതി ₹4,288/- കുടിശ്ശികയുണ്ട്. അതത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-11 വാസഗൃഹനിർമ്മാണം - പെർമിറ്റ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കി

ഗ്രാമപ്പഞ്ചായത്തിലെ ശ്രീമതി മോൾസി മാത്യു, ചെമ്പാംപ്ലാക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സർവേ നം. 137/4-2-ൽ പ്പെട്ട സ്ഥലത്ത് 384.81 M2 വാസഗൃഹം പണിയുന്നതിനായി നം. 1740/24 തീയതി 20.07.2024 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അതിന് ₹2,000/- അപേക്ഷാ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ രസീത് നം. 1240300633/20.07.2024 പ്രകാരം ₹1,000/- – ആണ് ഫീസ് ഈടാക്കിയിരിക്കുന്നത്. പെർമിറ്റ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/18.07.2025)

ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. കുറവ് വന്ന തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിഡാക്ട് ചെയ്ത് ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിഡാക്ട് ചെയ്ത് ഈടാക്കിയിട്ടില്ല.

1) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, ഇടുക്കി യൂണിറ്റ്, തൊടുപുഴ എന്ന സ്ഥാപനത്തിലെ 28 ജീവനക്കാരുടെ 2024-2025 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിഡാക്ട് ചെയ്ത് ഈടാക്കിയിട്ടില്ല.

2) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, തൊടുപുഴ – ലെ 4 ജീവനക്കാരുടെ 2024-2025 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിഡാക്ട് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ അന്വേഷണക്കുറിപ്പിന്റെ (നം.8/16.07.2025) ലഭ്യമാക്കിയ മറുപടിയിൽ, ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു എന്നും പിന്നീട് നാളിതുവരെ ഈടാക്കിയില്ലെന്നും അതിനാൽ തുക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്. തൊഴിൽ നികുതി ഡിഡാക്ട് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-13 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

1. നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൊടുപുഴ ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.37705618718) അവശേഷിക്കുന്ന ഇ-ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

തീയതി	30.03.2025
അവശേഷിക്കുന്ന തുക (₹)	2,93,489.36

അവശേഷിക്കുന്ന ഇ ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറി വിവരമറിയിക്കേണ്ടതാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൊടുപുഴ ബ്രാഞ്ചിലുള്ള രണ്ടാമത്തെ അക്കൗണ്ടിൽ (അക്കൗണ്ട് നം.67242693660) ₹4,083/- അവശേഷിക്കുന്നു. അവസാനമായി ഈ അക്കൗണ്ടിൽ ഇടപാടുകൾ നടന്നിരിക്കുന്നത് 23.12.2021 – ലാണ്. ഇടപാടുകളില്ലാത്ത അക്കൗണ്ടാണ് എങ്കിൽ അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-14 വൃക്ഷങ്ങളുടെ ലേലം - തുടർനടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ശ്രീമതി സിസ്റ്റമ്മോൾ, കരിമ്പാനിയിൽ എന്ന വ്യക്തിയുടെ വീടിന് ഭീഷണിയായി സർവേ നം. 409/1 തൊട്ടുപുറമ്പോക്കിൽ നിൽക്കുന്ന ആഞ്ഞിലി മരവും മാവും വെട്ടി മാറ്റുന്നതിന് ശിപാർശചെയ്തുകൊണ്ടുള്ള ടീ കമ്മറ്റിയുടെ തീരുമാനപ്രകാരം വാല്യുവേഷൻ ലഭ്യമാക്കി ലേലം ചെയ്ത് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 07.02.2025 – ലെ 4/2 – നമ്പർ തീരുമാനപ്രകാരം, സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആയതു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം, ആഞ്ഞിലിക്ക് ₹6,861/- രൂം മാവിന് ₹1,055/- രൂം ഉൾപ്പെടെ ആകെ ₹7,916/- വില നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ആയതു പ്രകാരം 07.05.2025 – ന് ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ മെമ്മോയ്ക്ക് അന്വേഷണക്കുറിപ്പിന് (നം. 16/17.07.2025) ലഭ്യമായ മറുപടിയിൽ, പുനർലേലം നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ലേലനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

27.06.2024 – ലെ സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭ.വ. – പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ്പ്രകാരം, പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പരിഷ്കരിച്ച ഉത്തരവു പ്രകാരമുള്ള സ്ലാബിലല്ല താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ പേര്/തസ്തിക	അർദ്ധ വാർഷിക വരുമാനം (₹)	ഈടാക്കേണ്ട തൊഴിൽ നികുതി (₹)	ഈടാക്കിയ തൊഴിൽ നികുതി (₹)	രസീത് നം./ തീയതി	ഈടാക്കിയതിൽ കുറവ് (₹)

1		ശ്രീമതി മെർലിന സെബാസ്റ്റ്യൻ യു.പി.എസ്.എ.	71,721/-	750/-	600/-	1240302081/ 27.02.2025	150/-
2		ശ്രീ സന്തോഷ് പിള്ളി എൽ.പി.എസ്.എ.	64,494/-	750/-	600/-	"	150/-
3		ശ്രീമതി നാൻസി തോമസ് എൽ.പി.എസ്.എ.	72,315/-	750/-	600/-	"	150/-
4		ശ്രീ ജോണി പി ജോൺ എൽ.പി.എസ്.എ.	74,097/-	750/-	600/-	"	150/-
5		ശ്രീമതി മേഴ്സി ജോസഫ് എൽ.പി.എസ്.എ.	59,412/-	750/-	600/-	"	150/-
6		ശ്രീമതി പ്രസീത രാജേന്ദ്രൻ എൽ.പി.എസ്.എ.	64,494/-	750/-	600/-	"	150/-
7		ശ്രീ ദിനേ കെ.യു. എൽ.പി. എസ്.എ.	72,315/-	750/-	600/-	"	150/-
8		ശ്രീമതി ജാസ്മിൻ ജോസ് പി.പി.ടി.	59,412/-	750/-	600/-	"	150/-
9		ശ്രീമതി ജെസി ജോസ് പി.പി.ടി.	62,910/-	750/-	600/-	"	150/-
10		ശ്രീമതി മഞ്ജു സുധി പി.പി.ടി.	62,250/-	750/-	600/-	"	150/-
11		ശ്രീമതി സൂര സുരേഷ് പി.പി.ടി.	62,250/-	750/-	600/-	"	150/-
12		ശ്രീമതി ലിഡ്വി കീർത്തി പി.പി.ടി. മെന്നി	71,160/-	750/-	600/-	"	150/-
13		ശ്രീ റെജി ശാമിധരൻ പി.ആർ.ടി.	62,910/-	750/-	600/-	"	150/-
14		ശ്രീമതി ദീപ സിബി ഓഫീസ് അസിസ്റ്റന്റ്	60,012/-	750/-	600/-	"	150/-
15		ശ്രീമതി ബിന രാജേഷ് പി.ആർ.ടി.	62,910/-	750/-	600/-	"	150/-
16		ശ്രീമതി മഞ്ജിനി എ.ആർ. ചുങ്കൻ	52,500/-	750/-	450/-	"	300/-
17		ശ്രീമതി മെഷെനി ഷിനു ആയ	52,500/-	750/-	450/-	"	300/-
18		ശ്രീമതി ആനാമോൾ ജസ്റ്റിൻ, ആയ	51,000/-	750/-	450/-	"	300/-
19		ശ്രീമതി സനിത ജിൻസി, ആയ	52,500/-	750/-	450/-	"	300/-
20	ശാന്തോം ജ്യോതി പബ്ലിക് സ്കൂൾ	ശ്രീമതി മഞ്ജു ജോസ് ആയ	29,970/-	450/-	180/-	"	270/-
21	പെരുമ്പുഴ കുടുംബാരോഗ്യ കേന്ദ്രം ഇൻഷുറൻസ് മെന്റ്സ്	ശ്രീമതി മേഴ്സി മനോജ്, കണ്ണാശുപത്രി എക്സിക്യൂട്ടീവ്	98,280/-	750/-	600/-	1240302462/ 18.02.2025	150/-
22	നേക്കപ്പൊട്ടിൽ മെന്റൽ ക്ലിനിക്	ശ്രീമതി സിന്ധു ബേബി ക്ലിനിക് അസിസ്റ്റന്റ്	43,500/-	600/-	300/-	1240307202/ 27.02.2025	300/-
23	ഗ്രേസ് മെഡിക്കൽ മെന്റൽ ക്ലിനിക്	ശ്രീമതി ബിജിനി മനോജ്, അസിസ്റ്റന്റ്	48,000/-	750/-	600/-	1240302277/ 13.02.2025	150/-
24		ശ്രീമതി ജാൻസി സാബു റിസപ്ഷനിസ്റ്റ്	48,000/-	750/-	600/-		150/-
25	ഡിസ്ട്രിക്ട് കൊർട്ട് തൊടുപുഴ	ശ്രീ അഖിൽ പി കുമാർ, ഓ.എ.	30,822/-	600/-	300/-	1240302283/ 14.02.2025	300/-
		ആകെ (₹)		18,150/-	13,380/-		

1.16 പാലിയേറ്റീവ് പരിചരണപരിപാടിയിലെ വാടകയിനത്തിൽ അപാകതകൾ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന (ഓഡിറ്റ്/16/2025). ആക്രമിക്കുന്നതിനുള്ള [illegible] കൊണ്ടുവരുന്നതിനുള്ള [illegible] നടപടികൾ [illegible] ഉപയോഗിച്ചു [illegible] പ്രവർത്തനങ്ങൾ [illegible] ചെയ്തിട്ടുണ്ട്. [illegible] ഉപയോഗിച്ചു

പാലിയേറ്റീവ് പരിചരണം, 22	241005520106007669 67/09.10.2024/20,400/-	10.07.2024	4	5
		14.08.2024	4	5
		18.09.2024	3	5

ഹാജർ പ്രകാരം വേതനമനുവദിച്ച ആളുകളുടെ എണ്ണം പരിഗണിക്കാതെ കൂടുതലായി ബില്ലുകൾ മാറി അധിക തുക നൽകിയതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.25/18.07.2025 – പ്രകാരം വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഹോം കെയർ ടീമിന് ആവശ്യം വേണ്ട ആളുകൾ മാത്രം പങ്കെടുക്കുന്നതിനും ഒഴിവുള്ള ദിവസങ്ങൾ ഒഴിവാക്കുന്നതിനും വേതനം സന്ദർശിക്കുന്ന ടീമിന്റെ കൃത്യമായ ഹാജർ രേഖപ്പെടുത്തി ചെയ്യ് ഈ ഇനത്തിലുണ്ടാവാൻ സാധ്യതയുള്ള അധികചെലവുകൾ ഒഴിവാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിൽ ശ്രദ്ധിക്കേണ്ടതാണ്.

1-17 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി

പദ്ധതി നം./പദ്ധതിയുടെ പേര്	16/2024-2025, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ (₹)	85,000/- (വികസന ഫണ്ട് – എസ്.സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, മുട്ടാ
ചെലവ് (₹)	80,000/-
ബിൽ നം./തീയതി	241005520108016245 16/21.03.2025

മേൽ പദ്ധതി പ്രകാരം പട്ടികജാതിവിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇവരിൽ അതിലൊരു നിഷാന്ത്, ഇക്കാംകോട്ടിൽ എന്ന വിദ്യാർത്ഥി അൽ അസ്ഹർ കോളേജ് ഓഫ് നഴ്സിങ്ങ് എന്ന സ്ഥാപനത്തിൽ ഡിപ്ലോമ ഇൻ ജനറൽ നഴ്സിങ്ങ് ആന്റ് മിഡ് വൈഫറി കോഴ്സിനാണ് പഠിക്കുന്നത്. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ന.സ.മ.വ., നമ്പരായ, ഖണ്ഡിക നം. 7.2.4 പ്രകാരം, പ്ലസ് ടു – വിന് ശേഷമുള്ള സർക്കാർ അംഗീകൃത നഴ്സിങ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിനത്തിൽ ₹15,000/- രൂ ആണ് അർഹത. എന്നാൽ ടിയാൾക്ക് മേൽ സൂചിത ബിൽ പ്രകാരം ₹20,000/- സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. അർഹതയിൽ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/14.07.2025) മറുപടി നൽകിയില്ല. അർഹതയിലും അധികം നൽകിയ ₹5,000/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-18 മാലിന്യനിക്ഷേപം - ഹോട്ട് സ്പോട്ടുകളിൽ ക്യാമറ സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമല്ല

പദ്ധതി നം./പദ്ധതിയുടെ പേര്	201/2024-2025, മാലിന്യനിക്ഷേപം – ഹോട്ട് സ്പോട്ടുകളിൽ ക്യാമറ സ്ഥാപിക്കൽ
അടങ്കൽ (₹)	300,000/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ.
ആകെ ചെലവ് തുക (₹)	2,67,999/-
ബിൽ നം./തീയതി	614/28.03.2025/1,60,799/- 529/17.03.2025/1,07,200/-

മാലിന്യനിക്ഷേപം – ഹോട്ട് സ്പോട്ടുകളിൽ ക്യാമറ സ്ഥാപിക്കൽ പദ്ധതി പ്രകാരം, കൊടുത്തോൺ ക്ലീൻ ക്യാമറകൾ, അനുബന്ധസംവിധാനങ്ങൾ, അവയുടെ ഇൻസ്റ്റലേഷൻ, മോണിറ്ററിംഗ് സംവിധാനം എന്നിവ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്നതിനായിരുന്ന പദ്ധതി. ടി സംവിധാനം സ്ഥാപിച്ചതിനുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ടാക്സ് ഇൻവോയിസ് ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ടാക്സ് ഇൻവോയിസ് എന്നിവ വിതരണക്കാരിൽ നിന്നും ലഭ്യമാക്കുകയോ ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല. പദ്ധതി നടപ്പാക്കി ഒരു വർഷത്തേക്ക് വാറന്റി ലഭ്യമാക്കുന്നതാണെന്നും വിതരണക്കാരുമായുള്ള കരാറിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം പഞ്ചായത്തിൽ സ്ഥാപിച്ചെങ്കിലും ആയത് സംബന്ധിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം.26/തീയതി 18.07.2025) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. സാധനങ്ങളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ടാക്സ് ഇൻവോയിസ് തുടങ്ങിവ കൈവശമുണ്ടെങ്കിൽ മാത്രമാണ് വാറന്റി ഉൾപ്പടെയുള്ള സേവനങ്ങൾ വിതരണസ്ഥാപനത്തിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുകയുള്ളൂ എന്നതിനാൽ, ഇവ വിതരണക്കാരിൽ നിന്ന് ലഭ്യമാക്കിയും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലുൾപ്പെടുത്തിയും വിവരമറിയിക്കേണ്ടതാണ്.

1-19 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കുടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്നുള്ള 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173-എ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദനുസരണം 23.08.2003 – ലെ ജി.ഒ.(പി.)നം.259/2003/ത.സ്വ.ഭ.വ. (എസ്.ആർ.ഒ.നമ്പർ.837/2003) എന്ന വിജ്ഞാപനപ്രകാരം 2003 - ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010 – ൽ പരിഷ്കരിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചു (15.06.2010 – ലെ സ.ഉ.(കൈ.)നം.125/2010/ത.സ്വ.ഭ.വ(എസ്.ആർ.ഒ. നമ്പർ - 598/2010). പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 9(1) – ൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. മുട്ടം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.സി. മുട്ടം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യസ്ഥാപനം	അവസാനമായി ഓഡിറ്റ് നടന്ന കാലയളവ്	വാർഷികകണക്ക് ലഭ്യമാക്കാത്തവർഷം
എഫ്. എച്ച്. സി., മുട്ടം	ഇല്ല	നാളിതുവരെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഓഡിറ്റ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. – യുടെ വാർഷികകണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 മുട്ടം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കിയില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	152/2025, 218/2025, മുട്ടം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	
അംഗീകൃത ചെലവ് (₹)	4,30,361/-	
വൗച്ചർ നം./തീയതി/തുക (₹)	22400880/15.03.2025/ 22401018/22401025/ 22401024/22401023/ 22401022/30.03.2025	2,06,068/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്)
	22400707/25.01.2025	94,710/- (തനത് ഫണ്ട്)
	22401020/30.03.2025	1,22,444/-
	22401000/29.03.2025	7,139/-

മുട്ടം ബസ് സ്റ്റാന്റിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയിൽപ്പെട്ടതായി 3 ഷട്ടർ കടമുറികൾ 2023-2024 – ൽ ₹10,97,648/- ഉം തൻവർഷം ₹4,30,361/- ഉം ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചു. തുടർന്നുണ്ടായിരുന്ന അനുബന്ധപ്രവൃത്തികളായ ടൈൽ വിരിക്കൽ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ നടത്തി കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണ പദ്ധതികളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പദ്ധതി തയ്യാറാക്കേണ്ടതാണെന്നുള്ള പദ്ധതി മാർഗ്ഗരേഖയുമായി ബന്ധപ്പെട്ട 19.04.2022 – ലെ സ.ഉ.(കൈ)നം. 84/2022/ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക നം. 3.5.1.8 – ൽ നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ കെട്ടിടനിർമ്മാണത്തിന് മാത്രമായിട്ടാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കി ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തീയതി കരാറിൽ ഉൾപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2024-2025 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന ഭൂരിഭാഗം പ്രവൃത്തികളും

പൂർത്തീകരിക്കാനായിട്ടില്ല.

ആകെ വിലാവനം ചെയ്തത്	നടപ്പാക്കിയത്	ഫൈനൽ ബിൽ നൽകിയത്
68	39	12

അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 2024-2025 – ൽ കരാറിലേർപ്പെട്ട 39 പ്രവൃത്തികളിൽ 12 എണ്ണത്തിൽ മാത്രമാണ് ഫൈനൽ ബിൽ നല്കിയത്. കരാറിലേർപ്പെട്ട 39 പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി, കരാർ വ്യവസ്ഥയിലോ എഗ്രിമെന്റ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ഉൾപ്പെടുത്താത്തതിനാൽ പൂർത്തീകരണത്തിൽ വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കാൻ സാധിക്കാതെ വരുന്നു. പൂർത്തീകരണത്തീയതി ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-22 ഏറ്റമെന്റ് പെർമിറ്റ് - പെർമിറ്റിൽ അനുവദിച്ചതിലധികം മണ്ണ് ഖനനം നടത്തി - ഫൈൻ ഈടാക്കിയില്ല.

2023 – ലെ Kerala Minor Mineral Concession (Amendment) Rules, പ്രകാരം, ഷെഡ്യൂൾ – 1 - ലെ, ഇനം 3 പ്രകാരമുള്ള സാധാരണമണ്ണിനുള്ള Movement Permit (Form – S) – ഉം Mineral Transit Passes [Form O(A)] - ഉം ആണ് തദ്ദേശസ്ഥാപനത്തിന് നൽകാനാകുക.(കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.Ft.(278.7 M^2) വരെയുള്ള കെട്ടിടനിർമ്മാണത്തിനാവശ്യമുള്ള സാധാരണമണ്ണ് കടത്തുന്നതിന്).

അംഗീകൃത പ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമേ കഴിച്ചെടുക്കുകയുള്ളുവെന്നും ടോൾസ്ലിപ്പ് ചെയ്യുകയുള്ളുവെന്നും അംഗീകൃതകെട്ടിടപ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തുകയുള്ളുവെന്നും Movement പെർമിറ്റ് നൽകിയ ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തിയുള്ള സ്വാമ്പ പേപ്പറിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത് (Form-T) അപേക്ഷ സമർപ്പിക്കണം. ബേസ്മെന്റ് നിർമ്മിക്കാത്തപക്ഷം റോയൽറ്റിയായി അടച്ച തുകയുടെ അഞ്ച് ഇരട്ടി തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാകുന്നതാണ്. പെർമിറ്റഡ് ഏരിയയിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികം മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിന് പിഴയായി അഞ്ചിരട്ടി റോയൽറ്റി ഈടാക്കേണ്ടതാണ് (ചട്ടം 14(8)).

Movement Permit സംബന്ധിച്ച വിശദാംശങ്ങളുടെ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കേണ്ടുണ്ട് (LSGD Secretary). ഇതിൽ പെർമിറ്റ് വിവരങ്ങൾ, ടോൾസ്ലിപ്പ് വിവരങ്ങൾ, ബേസ്മെന്റ് നിർമ്മാണ വിവരം, ഫൈൻ വിശദാംശങ്ങൾ, കംപ്ലീഷൻ പെർമിറ്റ് നൽകിയെങ്കിൽ ആ വിവരം എന്നിവ

ഉൾപ്പെട്ടതാണ്. കൈവശ ഇളവാക്കുന്നതിനു റവന്യൂ വിജിലൻസ് നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഇട്ടാ ഗ്രാമപ്പഞ്ചായത്തിലെ ധാന്യഗോഡൗൺ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും 2024-2025 സാമ്പത്തിക വർഷം ആകെ ലഭിച്ച ഒരു അപേക്ഷയിൽ പെർമിറ്റ് നൽകിയിട്ടുണ്ടെന്ന വ്യക്തമായി. ഇതിൽ പെർമിറ്റ് നേടിയ ചുവടെ ചേർക്കുന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

പേര്, മേൽവിലാസം	പെർമിറ്റ് നമ്പർ തീയതി	സ്റ്റോറിനായി അനുവദിച്ച മണ്ണിന്റെ അളവ്	അടയ്ക്കേണ്ട റോയൽറ്റി (₹)	ഖനനം ചെയ്ത മണ്ണിന്റെ അളവ്	ഈടാക്കേണ്ട പിഴ (വിശദാംശം അടുത്ത പേജിൽ) (₹)
ശ്രീ ആഷിഖ് ബിനോയ് കൈനിക്കുന്നേൽ ഹൗസ്, ഇട്ടാനാട്	നം.ബി4-2320/2024 25.11.2024 പെർമിറ്റ് കാലാവധി 27.11.2024 മുതൽ 07.12.2024 വരെ	1000 ടൺ	40,000/-	1250 ടൺ	250 ടൺ അധികം 250x40x5= 50,000/-

1) പെർമിറ്റ് തീയതി കഴിഞ്ഞും മണ്ണെടുപ്പ് തുടരുന്നു.

ഓഡിറ്റ് വിഭാഗം 17.07.2025 – ൽ എക്സിനീയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ നടത്തിയ പരിശോധനയിൽ പെർമിറ്റ് തീയതി (27.11.2024 മുതൽ 07.12.2024 വരെയുള്ള പെർമിറ്റ് കാലയളവ്) കഴിഞ്ഞും മണ്ണെടുപ്പ് തുടരുന്നതായി ബോധ്യപ്പെട്ടു.

2) പെർമിറ്റിൽ അനുവദിച്ചിരിക്കുന്ന അളവിലും അധികമായി മണ്ണെടുപ്പ് നടത്തി.

അനുവദിച്ച അളവ്	പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ട അളവ്
<u>കുഴിയുടെ</u> ഗ്രിഡ് 1 – 8 X 19 =152 ച. മീ ഗ്രിഡ് 2 – 7 X 14 =98 ച. മീ <u>ശരാശരി ആഴം</u> ഗ്രിഡ് 1 – 1+3/2 =2 മീ ഗ്രിഡ് 2 – 1+3/2 =2 മീ <u>മൊത്തം</u> ഗ്രിഡ് 1 – 152 X 2= 304 ഘന അടി ഗ്രിഡ് 2 – 98 X 2 =196 ഘന അടി ആകെ – **500** ഘന അടി	<u>കുഴിയുടെ</u> ഗ്രിഡ് 1 – 8 X 19 =152 ച. മീ ഗ്രിഡ് 2 – 7 X 14 =98 ച. മീ <u>ശരാശരി ആഴം</u> ഗ്രിഡ് 1 – 1+4/2 =2.5 മീ ഗ്രിഡ് 2 – 1+4/2=2.5 മീ ഗ്രിഡ് 1 – 152 X 2.5 = 380 ഘന അടി ഗ്രിഡ് 2 – 98 X 2.5 = 245ഘന അടി ആകെ – **625** ഘന അടി

അധികമായി ഖനനം നടത്തിയ 625-500 = 125 ഘന അടി (250 ടൺ) അഞ്ചിരട്ടി റോയൽറ്റി അടയ്ക്കേണ്ടതാണ് (40x5x250) എന്ന നിരക്കിൽ ₹50,000/- കൈവശ ഈടാക്കേണ്ടതാണ്.

3) പെർമിറ്റ് തീയതി കഴിഞ്ഞ് **ഒരു വർഷം കഴിഞ്ഞിട്ടും** ബേസ്മെന്റ് പണിപൂർത്തിയാക്കി അറിയിക്കാത്ത പക്ഷം വരുത്തിയ കാലതാമസ്സത്തിനും നിശ്ചിതസ്തുതിയായി ചുമത്തേണ്ട ഫൈൻ ഈടാക്കേണ്ടതാണ്.

ചട്ടപ്രകാരം പഞ്ചായത്തുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തിയ അധികം ഖനനത്തിന് ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 പ്രവൃത്തി പൂർത്തിയാക്കാതെ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാരുടെ എഗ്രിമെന്റ് പ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കാതെ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. കരാറുകാരന്റെ പിഴവ് മൂലം യഥാസമയം തീർക്കാൻ സാധിക്കാതിരുന്ന സന്ദർഭങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, കരാറുകാരൻ, നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൻ മേൽ സമിതിയുടെ അനുമതി വാങ്ങി, PACയുടെ 1 % ഫൈൻ ഈടാക്കിക്കൊണ്ട് പ്രവൃത്തിയുടെ പൂർത്തീകരണകാലാവധിയുടെ 25% വരെ ഒന്നിലധികം തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണെന്നുള്ള 2012 – ലെ കേരള പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2112 – ന് വിശദീകരണമായി പുറപ്പെടുവിച്ച ത.സ്വ.ഭ.വ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി.2/223/2015/ത.സ്വ.ഭ.വ - നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കുന്നു. എന്നാൽ പരമാവധി ദീർഘിപ്പിക്കാൻ ആകെ പൂർത്തീകരണസമയത്തിന്റെ 50% ൽ കൂടാൻ പാടില്ല എന്നാൽ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാത്ത പൊതുമരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	കരാറുകാരൻ/ ബിൽ നമ്പർ/ തീയതി	പി.എ.സി. തുക (₹)	പ്രവൃത്തി സമയം തെക്ക് മാറിയ തീയതി	എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ്	എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി	പൂർത്തീകരിച്ച തീയതി	ഈടാക്കേണ്ട ഫൈൻ
171/2025, ഇലന്തക്കുന്ന് റോഡ്/ മെയിന്റനൻസ്/ ഹാന്റ് റെയിൽ നിർമ്മാണം	ശ്രീ സണ്ണി കെ.എ. എഗ്രിമെന്റ് നം.02/Ae/Legal/Mtte/23-24 Date 21.11.2023	2,90,718/-	21.11.2023	6 മാസം	21.05.2024	07.02.2025	8,722/-
165/2025, പഞ്ചായത്ത് എൽ.പി.സ്കൂൾ മെയിന്റനൻസ്	ശ്രീ സണ്ണി കെ. എ. എഗ്രിമെന്റ് നം.10/Ae/Legal/Mtte/23-24 Date 29.02.2024	5,25,059/-	06.03.2024	6 മാസം	06.09.2024	22.03.2025	15,752/-
					ആകെ		24,474/-

മേൽവിവരിച്ച പ്രവൃത്തിയിൽ സമയദൈർഘ്യം നീട്ടി നൽകുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പൂർത്തീകരണത്തിന് കാലതാമസം വരുത്തിയതിന്മേൽ ഫൈൻ ഈടാക്കിയിട്ടില്ല. ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ

അന്വേഷണക്കുറിപ്പ് നം. 19/18.07.2025 - ന് മറുപടി നൽകിയില്ല. കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 ഗ്രാമപഞ്ചായത്തിന്റെ റോഡ് കട്ടിങ്ങിനായി ലഭിച്ച അപേക്ഷകളിൽ നിർദ്ദിഷ്ട ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപ്പഞ്ചായത്തിൽ റോഡ് കട്ടിങ്ങിനായി ലഭിച്ച രണ്ട് അപേക്ഷകളിൽ, കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി. റോഡ് കട്ടിങ്ങിനായി ലഭിക്കുന്ന അപേക്ഷകളിൽ ചീഫ് എഞ്ചിനീയറുടെ 10.02.2023 - ലെ CE PWD/2675/2021/C4(W)-RD – നം. സർക്കുലർ പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും 24.09.2020 – ലെ No: CE / R&B/GL-RC/3/L2018 -പ്രകാരം യഥാർത്ഥത്തിൽ റോഡ് കട്ടിങ്ങ് നടത്തിയ വീതിയുടെ ഒന്നര ഇരട്ടി വീതി കണക്കാക്കി ഫീസ് ഈടാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകരുടെ വിവരം	കണക്കാക്കിയ ഫീ (₹)	കണക്കാക്കേണ്ട ഫീ (₹)	കുറവ് (₹)
1.	ശ്രീമതി എലിസബത്ത് പുളിപ്പറമ്പിൽ, മുട്ടം വഴിയിൽ നം. ബി 4-855/24	നീളം - 3.3 വീതി - 0.45 വിസ്തീർണം – 1.485X5,473.44 = 8,128/-	നീളം - 3.3 വീതി – 0.45x1.5 = 0.675 വിസ്തീർണം-2.2275 X 5473.44 = 12,192/-	4,064/-
2.	ശ്രീ ജെയിംസ് കെ.സി, എള്ളിപ്പറമ്പിൽ വഴിയിൽ നം. 80/AE/LSGD/MTM	നീളം- 2.8 വീതി - 0.45 വിസ്തീർണം=1.26 തുക=1.26 X 3520.71 = 4,436.09/- Berm -(0.9+0.9)X0.4= .81x392.96= 318.29 ആകെ- 4,754.39/-	നീളം- 2.8 വീതി - 0.45x1.5= 0.675 വിസ്തീർണം-1.89 X 3,520.71 = 6,654.14/- Berm (0.9+0.9)X0.4= .81x392.96= 318.29 ആകെ- 6,972.4319/-	2,218/-
		ആകെ (₹)		6,282/-

കുറവു വന്ന തുക അപേക്ഷകരിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/16.07.2025 – ന് മറുപടി നൽകിയില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും മുട്ടം ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്ക് വിട്ടു നല്കിയതുമായ KL-38-G – 2860 – TATA – AIS മിനി പിക്കപ്പ് വാഹനത്തിന് ഡീസൽ അടിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

വാഹന നമ്പർ	ഇൻവോയ്സ് നം./തീയതി	ചെലവായ തുക (₹)	ബിൽ നമ്പർ/തീയതി	തുക (₹)

KL – 38 - G – 2860 MINI PICK UP	2034/30.06.2024	2,000/-	22400266/20.07.2024/6,500/- Fuel Charge Of Vehicle
	2024/31.05.2024	2,500/-	
	2007/30.04.2024	2,000/-	
	2059/31.08.2024	1,000/-	
	2064/30.9.2024	2,000/-	22400528/13.11.2024/4,000/-
	2075/31.10.2024	1,000/-	

ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാസമയം ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-26 ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികൾ – ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

പദ്ധതി നം./പദ്ധതിയുടെ പേര്	19/2024-2025, ശാരീരിക – മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്
തുടങ്ങൽ (₹)	8,00,000/-
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് (₹)	5,69,600/-
ബിൽ നം./തീയതി	24100552017901497867/11.03.2025/1,41,500/-

ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത ശ്രീ ആജോമോൻ ജോസ് എന്ന ഗുണഭോക്താവിന് ₹28,500/- ആനുകൂല്യം നൽകിയിട്ടുണ്ട്. അപേക്ഷയും മറ്റ് രേഖകൾ പ്രകാരവും ആനുകൂല്യത്തിന് അർഹതയുണ്ടെങ്കിലും ടി ഗുണഭോക്താവിന്റെ വിവരങ്ങൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലും ഗ്രാമസഭാ മിനിട്സിലും ഇല്ലാത്തത് സംബന്ധിച്ച് കാഡിറ്റ് അന്വേഷണക്കുറിപ്പ് (നം.27/തീയതി. 18.07.2025) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. നിലവിലുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമ്പോൾ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഗ്രാമസഭ അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത ശ്രീ ആജോമോൻ ജോസ് എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം തേടേണ്ടതാണ്.

1-27 ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകതകൾ

പദ്ധതി നം./പദ്ധതിയുടെ പേര്	31/2025, ക്ഷീരകർഷകരുടെ കറവപ്പശുക്കൾ കാലിത്തീറ്റ വിതരണം	
നിർവ്വഹണോദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	
തുടങ്ങൽ (₹)	17,00,000/-	5,50,000/- (വികസന ഫണ്ട് – പൊതുവിഭാഗം)
		1,00,000/- (മറ്റ് ബ്ലോക്ക് പഞ്ചായത്ത്)
		2,00,000/- (മറ്റ് ജില്ലാ പഞ്ചായത്ത്)
		8,50,000/- (മറ്റുള്ളവ)
ചെലവ് (₹)	ആകെ തുക – 5,50,000/- (വികസനഫണ്ട് – പൊതുവിഭാഗം)	
ബിൽ നം./തീയതി/ തുക (₹)	1)24100552020801226620/25.01.2025/1,13,100/- 2)24100552020801230202/27.01.2025/73,950/- 3)24100552020801479739/10.03.2025/2,61,000/-	

	4)2410055202080150766512.03.2025/73,950/- 5)2410055202080158588519.03.2025/28,000/-

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി പ്രകാരം, പഴയന്നൂർ APCOS - ലെ 39 കർഷകർക്ക് മുട്ടം APCOS - ലെ 51 കർഷകർക്കും നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാലിത്തീറ്റ കേരള ഫീഡ്സിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ മാത്രം വാങ്ങി ക്ഷീരസംഘങ്ങൾ വഴിയാണ് വിതരണം ചെയ്യേണ്ടതെന്നും പണമായി നൽകാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പൊതുവിഭാഗം കർഷകർക്ക് കാലിത്തീറ്റ വിലയുടെ 50% സബ്സിഡി അനുവദനീയമായതിനാൽ 50% ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടക്കി വേണം കാലിത്തീറ്റ വിതരണം നടത്തേണ്ടത്. എന്നാൽ പഞ്ചായത്തിൽ മേൽ പദ്ധതിയുടെ നിർവ്വഹണം നടത്തിയപ്പോൾ, പുളിപ്പാട്ടിൽ ഫുഡ്സ്, മമ്മിരിക്കൽ ഡയറിഫുഡ് കമ്പനി, വഴിത്തല എന്നീ സ്ഥാപനങ്ങളിൽ നിന്നും മുട്ടം, പഴയരിമറ്റം എന്നീ ക്ഷീരോൽപാദകസംഘത്തിലേക്ക് നേരിട്ട് കാലിത്തീറ്റ ഇറക്കുകയാണ് ചെയ്തത്. ആയതിൽ മമ്മിരിക്കൽ ഡയറിഫുഡ് കമ്പനി , വഴിത്തല എന്ന സ്ഥാപനത്തിൽ നിന്നും മുട്ടം ക്ഷീരോൽപാദകസംഘത്തിലേക്ക് 100 കി.ഗ്രാമിന് ₹2,824/- നിരക്കിൽ കേരള ഫീഡ് എക്കൊറ്റ് കാലിത്തീറ്റ ഇറക്കുകയും ₹2,900/- നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തത്.

പദ്ധതി നടത്തിപ്പിൽ കണ്ട മറ്റ് ആപാകതകൾ ചുവടെ ചേർക്കുന്നു.

1) നിർവ്വഹണോദ്യോഗസ്ഥൻ കാലിത്തീറ്റ നേരിട്ട് വാങ്ങുന്നതിന് പകരം ആപ്കോസ് വഴി വാങ്ങുകയും ആപ്കോസിന് വില കണക്കാക്കി നൽകുകയും ചെയ്തിരിക്കുന്നു.

2) ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടക്കാതെ തന്നെ നിർവ്വഹണോദ്യോഗസ്ഥൻ ആപ്കോസ് നൽകിയ ലിസ്റ്റ് പ്രകാരം ബിൽ തുകയുടെ 50% കണക്കാക്കി സബ്സിഡി ആപ്കോസിന്റെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു.

3) മമ്മിരിക്കൽ ഡയറിഫുഡ് കമ്പനി ആപ്കോസിന് കാലിത്തീറ്റ നൽകിയത് 100 കി.ഗ്രാം. – ന് ₹2,824/- നിരക്കിലും, എന്നാൽ ആപ്കോസ് ഗുണഭോക്താക്കൾക്ക് ₹2,900/- നിരക്കിലും നൽകിയിരിക്കുന്നു.

4) ആപ്കോസിന് കാലിത്തീറ്റ ഇറക്കിയതിനുള്ള ഇറക്കുകൂലി – വിതരണ സ്ഥാപനത്തിൽ / കേരള ഫീഡ്സിൽ നിന്ന സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടില്ല.

5) കേരള ഫീഡ്സിൽ നിന്നുള്ള വിലനിലവാരപ്പട്ടിക ഫയലിൽ ലഭ്യമല്ല

6) വിതരണ സ്ഥാപനം, സ്റ്റോക്ക് രജിസ്റ്ററിൽ കാലിത്തീറ്റ ലഭ്യമായതിന്റെ ഇൻവോയ്സ് നമ്പർ / തീയതി /ഇക എന്നിവ രേഖപ്പെടുത്തി കൃത്യമാക്കി സൂക്ഷിക്കുന്നില്ല

മേൽ ആപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീയതി. 18.07.2025) കാലിത്തീറ്റ നേരിട്ട് വാങ്ങുമ്പോൾ കർഷകർ ഉണ്ണാക്കുവിഹിതം മുടക്കണമെന്നും അത് നൽകുന്നതിന് പല കർഷകർക്കും സാമ്പത്തികബുദ്ധിമുട്ട് ഉണ്ടെന്നും ആയതിനാൽ ക്ഷീരസംഘം മുൻകൂർ ഇക കേരളഫീഡ്സ് കമ്പനിക്ക് നൽകി കാലിത്തീറ്റ ഇറക്കുന്നു എന്നും കർഷകരുടെ പാൽ വിലയിൽ നിന്നും തവണകളായി ഉണ്ണാക്കുവിഹിതം പിടിക്കുന്നു എന്നും ആയതിനാലാണ് ആപകോസ് വഴി വാങ്ങുന്നതെന്നുമാണ് മറുപടി നൽകിയത്. ക്ടാക്ഷീര കേരള ഫീഡ്സ് കമ്പനിയിൽ നിന്നും നേരിട്ട് കാലിത്തീറ്റ വാങ്ങുമ്പോൾ കേരളഫീഡ്സ് എരുമപ്പാൽ ബാഗ് ഒന്നിന് ₹1,515 /- വും രണ്ട് ബാഗുകൾ വാങ്ങുമ്പോൾ ₹3,030/- വും പശുവ് വാങ്ങുന്നു. ഇതിൽ നിന്നുമാണ് കാലിത്തീറ്റ ഇറക്കുകൂലി, സംഘങ്ങൾക്ക് നൽകുന്നത്. നിർവഹണോദ്യോഗസ്ഥൻ നേരിട്ട് വാങ്ങുമ്പോൾ ഈ ഇക കർഷകനിൽ നിന്നും ഈടാക്കണം. കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ കുറവു വരും. സംഘം വഴി നൽകുമ്പോൾ കൂടുതൽ മാസങ്ങളിൽ നൽകുവാൻ സാധിക്കും. സംഘം വഴി കാലിത്തീറ്റ ഇറക്കിയപ്പോൾ ഇറക്കുകൂലി, സംഘം നൽകുന്നതിനാൽ 51 വിലയുള്ളവർ കർഷകർക്ക് നൽകുന്നത്. നിർവഹണോദ്യോഗസ്ഥൻ നേരിട്ട് നൽകാത്തതിനാൽ കേരള ഫീഡ്സ് വിതരണ സ്ഥാപനത്തിന് ഇറക്കുകൂലി നൽകുന്നില്ല. നേരിട്ട് ഇറക്കിയാലും ആപകോസിന് വിതരണക്കൂലി ലഭിക്കാനില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ ഇനി മുതൽ കൃത്യമാക്കുന്നതാണെന്നും ആപാകതകൾ ഇല്ലാതെ പദ്ധതി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. ഉണ്ണാക്കനാക്കളിൽ നിന്ന് ഉണ്ണാക്കുവിഹിതം ഈടാക്കാതെയും സബ്സിഡി പണമായി ആപകോസിന് നൽകിയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ക്ടാതെ ആപകോസ് തങ്ങൾക്ക് കാലിത്തീറ്റ ലഭ്യമായതിലും അധിക നിരക്കിൽ ഉണ്ണാക്കനാക്കൾക്ക് വിതരണം ചെയ്യുകയും ആ നിരക്കിൽ സബ്സിഡിയിനത്തുക നിർവഹണോദ്യോഗസ്ഥൻ ആപകോസിന്റെ അക്കൗണ്ടിലേക്ക് നൽകിയതും ശരിയായ നടപടിക്രമമല്ല. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ സബ്സിഡിമാർഗരേഖ പ്രകാരം തന്നെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 നിഷ്ക്രിയബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

വാർഷികധനകാര്യ പത്രിക ഷെഡ്യൂൾ B-17 പ്രകാരം, ചുവടെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയ അക്കൗണ്ടുകളായി നിലനിൽക്കുന്നവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബാങ്കിന്റെ പേര്	അക്കൗണ്ട് നം.
1	കേരള ഗ്രാമീൺ ബാങ്ക് – 1	40333101027527

2	കേരള ഗ്രാമീണ് ബാങ്ക്—2	40333101027527
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	38098874214
4	അർ കോഓപ്പറേറ്റീവ് ബാങ്ക്	5952
5	എസ്.ബി.എസ്.ബി	710051400000018
6	സബ് ട്രഷറി തൊടുപുഴ	799012900001135
7	സബ് ട്രഷറി തൊടുപുഴ	799011400005962
8	സബ് ട്രഷറി ,തൊടുപുഴ	799011400001368

പണയിടപാടുകളിലാത്ത മേൽ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 15/തീയതി 17.07.2025) മേൽ ബാങ്ക് അക്കൗണ്ടുകൾ സർക്കാർ നിർദ്ദേശപ്രകാരം വിവിധ ആവശ്യങ്ങൾക്കായി ആരംഭിച്ചിട്ടുള്ളതാണെന്നും ആയത് ഇടർനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

1-29 വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ₹16,69,209/-
തടസ്സമുണ്ടായത്

ക്രമ നം	പദ്ധതിയുടെ പേര്/ പദ്ധതി നം.	തുക (₹)	വൗച്ചർ നം./തീയതി	ഫണ്ടിനം	തുക കൈപ്പറ്റിയ സ്ഥാപനം
1	പച്ചിലാംകുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 4 (184/2025)	60,000/- 120,000/- 20,000/-	22400967/25.03.2025 22400969/25.03.2025 22400979/25.03.2025	സി.എഫ്.സി. -ടൈഡ്	കേരള വാട്ടർ അതോറിറ്റി
2	വണ്ണാമാക്കൽ നഗർ കുടിവെള്ള പദ്ധതിപൈപ്പ് ലൈൻ നീട്ടൽ (205/2025)	14,319/- 42,956/- 85,912/-	22400963/25.03.2025 22400965/25.03.025 22400977/25.03.2025	സി.എഫ്.സി. -ടൈഡ്	കേരള വാട്ടർ അതോറിറ്റി
3	അമ്പാട്ട് നഗർ കുടിവെള്ള പദ്ധതി (206/2025)	1,56,000/-	22400988/26.03.2025	സി എഫ് സി ടൈഡ്	ജലജീവൻ മിഷൻ
4	പഴയിടം കുന്തിക്കിണറിന് ഹാന്റ് പമ്പ് സ്ഥാപിക്കൽ (246/2025)	75,000/-	22400953/24.03.2025	സി.എഫ്.സി. -ടൈഡ്	ജലജീവൻ മിഷൻ
5	5,6 വാർഡുകളിൽ കൊല്ലംകുന്ന് വാട്ടർ ടാങ്കിൽ നിന്നും മലിക്കൽ ഭാഗത്തേക്ക് പൈപ്പ് ലൈൻ മാറ്റൽ (183/2025)	45,000/- 15,000/- 90,000/-	22400968/25.03.2025 22400968/25.03.2025 2400968/25.03.2025	സി.എഫ്.സി. -ടൈഡ്	കേരള വാട്ടർ അതോറിറ്റി
6	13 വാർഡുകളിലും സോളാർലൈറ്റ് സ്ഥാപിക്കൽ (200/2025)	33,600/- 78,400/-	22401026/30.03.2025 22400968/30.03.2025	സി.എഫ്.സി. - ബേസിക്	അനർട്ട്
7	ഇല്ലിചാരി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ മാറ്റൽ വാർഡ് 11 (185/2025)	60,000/- 30,000/- 10,000/-	22400968/25.03.2025 22400968/25.03.2025 22400968/25.03.2025	സി.എഫ്.സി. -ടൈഡ്	കേരള വാട്ടർ അതോറിറ്റി

8	ഇല്ലിച്ചേരി കടിവെള്ള പദ്ധതി ഒപ്പപ്പ് ലൈൻ മാറ്റൽ വാർഡ് 10 (188/2025)	25,000/- 1,50,000/- 75,000/-	22400962/25.03.2025 22400987/25.03.2025 22400104S/25.03.2025	സി.എച്ച്.സി -ടെക്ക്	കേരള വാട്ടർ അതോറിറ്റി
9	9ാം വാർഡ് മാത്തിപ്പാറ കടിവെള്ള പദ്ധതിഒപ്പപ്പ് ലൈൻ നീട്ടൽ (187/2025	1,08,000/- 54,000/- 18,000/-	22400971/25.03.2025 22400901/25.03.2025 22400960/25.03.2025	സി.എച്ച്.സി -ടെക്ക്	കേരള വാട്ടർ അതോറിറ്റി
10	എസ് സി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (21/2025)	50,000/- 54,511/-	24100552015 901653604/ 23.03.2025 24100552015 901653606/ 23.03.2025	വികസനഫണ്ട് എസ്.സി.പി.	അനർട്ട്
11	എസ് ടി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (108/25)	50,000/- 54,511/-	24100552015 901653608/ 23.3.2025 24100552015 901654895/ 23.03.2025	വികസനഫണ്ട് ടി.എസ്.പി.	അനർട്ട്
12	പന്നികുന്ന് കടിവെള്ള പദ്ധതി (192/2025)	94,000/-	22400457/ 29.10.2025	തനത് ഫണ്ട്	ജലവകുപ്പ്

മേൽ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.23/18.07.2025 – ന് മറുപടി ലഭ്യമാക്കിയില്ല പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതുവരെ ₹1,69,209/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ജൽജീവൻ മിഷൻ - അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 - ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ.

ജലവിഭവ വകുപ്പിന്റെ 08.06.2020 – ലെ സ.ഉ.(കൈ)നം.37/2020/ജ.വി.വ – ഉത്തരവ് പ്രകാരമുള്ള പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച്, കേന്ദ്ര – സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമപ്രദേശങ്ങളിലുള്ളവർക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപ്രദേശങ്ങൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപന കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880/- കോടിയുടെ പദ്ധതി

ആടുകളിൽ ജനിതീവൻ മിഷൻ അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഉപഭോക്തൃ വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്.

ഗ്രാമപഞ്ചായത്ത്വിഹിതം, ഉപഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക്(ബി.പി.എൽ/എസ്.സി./എസ്.റ്റി./ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്.

ജനിജീവൻ മിഷൻ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടയ്ക്കേണ്ട 15% സ്ഥാപനവിഹിതവും 10% ഗുണഭോക്തൃവിഹിതവും ഗ്രാമപഞ്ചായത്ത് 2020-2021 മുതൽ തന്നിവർഷം വരെ അടയ്ക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചതും വകയിരുത്തിയിട്ടില്ലെന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (സം.4/തീയതി. 16.07.2025) മറുപടിയായി പഞ്ചായത്ത് അധികൃതർ അറിയിച്ചു.

1-31 മെഡിക്കൽ ഗ്രാന്റ് അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യമേഖലാഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 31.08.2022 – ലെ സ.ഉ(കൈ) നം.2132/2022/ത.സ്വ.ഭ.വ. – ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അവാർഡ് കാലയളവിലെ (2021-2026) ആദ്യവർഷമായ 2021-2022 – ലെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാം ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. വിവിധ സ്കീമുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്കീം.1-കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം

കേന്ദ്രആരോഗ്യ – കുടുംബക്ഷേമമന്ത്രാലയം 31.08.2021 - ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം 3.3 പ്രകാരമുള്ള ലെ ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണത്തിനുള്ള മാതൃകയായി

സ്വീകരിക്കാവുന്നതാണ്. ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കണം നിർവ്വഹണോദ്യോഗസ്ഥൻ.

<u>സ്വീ.3-ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം</u>

സ്വീ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ, പൊതുജനാരോഗ്യയൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

<u>സ്വീ.3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

പ്രാഥമികാരോഗ്യ പരിരക്ഷ നല്കുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് സ്വീമിന്റെ ലക്ഷ്യം. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പരിശോധനയ്ക്കു വേണ്ട റിയേജന്റ്, ഉപകരണങ്ങളുടെ മെയിന്റനൻസ്, മോണിട്ടറിംഗ് ചെലവ്, സ്റ്റാഫ് അംഗങ്ങൾക്ക് പരിശീലനം, ലാബ് ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങി മേൽ പറഞ്ഞ ഇനങ്ങളിൽ തുക ചെലവഴിക്കാവുന്നതാണ്.

<u>സ്വീ.4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.</u>

സ്വീ പ്രകാരം ഗ്രാമപ്പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവിടങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കാം. ആരോഗ്യവർദ്ധകസേവനങ്ങൾ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, പ്രാഥമികാരോഗ്യചികിത്സാ സൗകര്യങ്ങൾ, പൊതുജനങ്ങൾക്ക് വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാം. ഇതാതെ ആരോഗ്യസ്ഥാപനങ്ങളിലെ മൈനറിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാവുന്നതാണ്.

<u>സ്വീ.5 - നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.</u>

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിഹിതം, കോളജ്മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പരിശീലനവും ഈ സ്വീമിൽ ഉൾപ്പെടുന്നു.

<u>സ്വീ.6-അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.</u>

ഈ സ്വീമിന് രണ്ട് ഘടകങ്ങളാണുള്ളത്. അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നിവ. ആരോഗ്യവർദ്ധകസേവനങ്ങൾ,

രോഗപ്രതിരോധപ്രവർത്തനങ്ങൾ, രോഗചികിത്സാസൗകര്യങ്ങൾ, ദേശീയ-സംസ്ഥാന ആരോഗ്യപദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ എന്നിവ സ്വീം പ്രകാരം ലക്ഷ്യമിടുന്നു.

മുട്ടം ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മുട്ടം

2) സബ് സെന്റർ, എള്ളുംപുറം

ഗ്രാമപഞ്ചായത്തിന് 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ ചേർക്കുന്നു.

ഇനം						
വർഷം	ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ			ഹെൽത്ത് & വെൽനസ്സ് സെന്റർ		
	ഗ്രാന്റ് (₹)	പലിശ (₹)	ആകെ (₹)	ഗ്രാന്റ് (₹)	പലിശ (₹)	ആകെ (₹)
2021-2022	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2022-2023	2,19,740/-	2,891/-	2,22,631/-	1,02,949/-	1,129/-	1,04,078/-
2023-2024	6,18,000/-	6,885/-	6,24,885/-	2,78,000/-	4,794/-	2,82,744/-
2024-2025	25,800/-	346/-	2,58,346/-	4,42,000/-	288/-	4,42,288/-
നീക്കിയിരിപ്പ് തുക (₹) (31.03.2025)	2,68,127/- അക്കൗണ്ട് നം.41113557991, SBI			4,47,841/- അക്കൗണ്ട് നം.41113566188		

2021-2022 മുതൽ 2024-2025 വരെയുള്ള വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗം

വർഷം	2021-2022	2022-2023	2023-2024	2024-2025
ലഭിച്ച തുക (₹)	0	3,22,702/-	10,18,825/-	7,00,000/-
ലഭ്യമായ തീയതി	0	04.11.2022	07.09.2023	22.03.2025
ആവിഷ്കരിച്ച പദ്ധതികൾ	0	2	4	2
നടപ്പിലാക്കിയ പദ്ധതികൾ	0	2	4	0
ചെലവ് തുക (₹)	0	1,99,877	10,18,819	0
ചെലവ് ശതമാനം (%)	0	61.90	100	0
ബാങ്ക് അക്കൗണ്ട് നം.	041113557991		41113566188	
ബാങ്ക് ശാഖയുടെ വിവരം	എസ്.ബി.ഐ.മുട്ടം		എസ്.ബി.ഐ.മുട്ടം	

2021-2022 സാമ്പത്തികവർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള പദ്ധതികൾ ഒന്നും ആവിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല

2022-2023 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

ക്രമ നം.	പദ്ധതി നം/പദ്ധതിയുടെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് തുക (₹)
1	112, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	2,19,741/-	1,49,877/-
2	113, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	1,02,961/-	50,000/-

2023-2024 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

ക്രമ നം.	പദ്ധതി നം./പദ്ധതിയുടെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് തുക (₹)
1	132, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	69,864/-	69,858/-
2	133, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	52,961/-	52,961/-
3	147, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	2,78,000/-	2,78,000/-
4	148, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	6,18,000/-	6,18,000/-

2024-2025 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

ക്രമ നം.	പദ്ധതി നം./പദ്ധതിയുടെ പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ (₹)	ചെലവ് തുക (₹)
1	247, കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	4,42,000/-	0
2	248, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ (So)	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.	2,58,000/-	0

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം.19(1) പ്രകാരമുള്ള മാധ്യമവിജ്ഞാപനത്തിന് പ്രത്യേകഭാഗം]

2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

27.06.2024 – ലെ സ.ഉ.(സാധാ)നം.1149/2024/തസ്വഭവ - പ്രകാരം ഗ്രാമപ്പഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ്പ്രകാരം, പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം ആർഥവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പരിഷ്കരിച്ച ഉത്തരവ് പ്രകാരമുള്ള സ്ലാബിലല്ല താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 രണ്ടാം ആർഥവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ പേര്/തസ്തിക	ആർഷ വാർഷിക വരുമാനം (₹)	ഈടാക്കേണ്ട തൊഴിൽ നികുതി (₹)	ഈടാക്കിയ തൊഴിൽ നികുതി (₹)	രസീത് നം./തീയതി	ഈടാക്കിയതിൽ കുറവ് (₹)

1		ശ്രീമതി രാജിന മൊഞ്ചത്ത്ത് യു.പി.എസ്.എ.	71,721/-	750/-	600/-		150/-
2		ശ്രീ സന്തോഷ് പിള്ളി എൻ.പി.എസ്.എ.	64,494/-	750/-	600/-		150/-
3		ശ്രീമതി രാണി തോമസ് എൻ.പി.എസ്.എ.	72,315/-	750/-	600/-		150/-
4		ശ്രീ ജോണി പി ജോർജ് എൻ.പി.എസ്.എ.	74,097/-	750/-	600/-		150/-
5		ശ്രീമതി മേരി ജോസഫ് എൻ.പി.എസ്.എ.	59,412/-	750/-	600/-		150/-
6		ശ്രീമതി പ്രസി മാത്യുജിത്ത് എൻ.പി.എസ്.എ.	64,494/-	750/-	600/-		150/-
7		ശ്രീ ദിനേ കെ.യു. എൻ.പി .എസ്.എ.	72,315/-	750/-	600/-		150/-
8		ശ്രീമതി ജോസ്റ്റിൻ ജോസ് പി.പി.ടി.	59,412/-	750/-	600/-		150/-
9		ശ്രീമതി ജെസി ഷാജു പി.പി.ടി.	62,910/-	750/-	600/-	1240302081/ 27.02.2025	150/-
10		ശ്രീമതി മഞ്ജു സുരേ പി.പി.ടി.	62,250/-	750/-	600/-		150/-
11		ശ്രീമതി സുമ സ്റ്റീഫൻ പി.പി.ടി.	62,250/-	750/-	600/-		150/-
12		ശ്രീമതി വിധു കീർത്തി പി.പി.ടി. മൈന്നി	71,160/-	750/-	600/-		150/-
13		ശ്രീ രാജി ശങ്കിധരൻ പി.ആർ.ടി.	62,910/-	750/-	600/-		150/-
14		ശ്രീമതി ദീപ സിബി ഓഫീസ് അസിസ്റ്റന്റ്	60,012/-	750/-	600/-		150/-
15		ശ്രീമതി സ്മിന രാജേഷ് പി. ആർ.ടി.	62,910/-	750/-	600/-		150/-
16		ശ്രീമതി റെജിനി എ.ആർ. ചുങ്ങ്	52,500/-	750/-	450/-		300/-
17		ശ്രീമതി രൈഷനി ഷിബു തുമ	52,500/-	750/-	450/-		300/-
18		ശ്രീമതി ആരോഗ്യ ജസ്റ്റിൻ, തുമ	51,000/-	750/-	450/-		300/-
19		ശ്രീമതി സവിത ജിൻസി, തുമ	52,500/-	750/-	450/-		300/-
20	ശാന്തായി ജ്യോതി പബ്ലിക് സ്കൂൾ	ശ്രീമതി മഞ്ജു ജോസ് തുമ	29,970/-	450/-	180/-		270/-
21	പെരുമ്പുഴ എഡ്യുക്കേഷണൽ & ഇൻവെസ്റ്റ് മെന്റ്സ്	ശ്രീമതി രേഷ്മ മനോജ് കുമാർ(കോൺട്രാക്ടർ എടുത്തിട്ടുള്ള	98,280/-	750/-	600/-	1240302462/ 18.02.2025	150/-
22	നേക്കപ്പാട്ടിൽ മെഡിക്കൽ ക്ലിനിക്	ശ്രീമതി സിന്ധു ബേബി ക്ലിനിക് അസിസ്റ്റന്റ്	43,500/-	600/-	300/-	1240307202/ 27.2.2025	300/-
23	ഗ്രേസ് ഹോസ്പിറ്റൽ മെഡിക്കൽ ക്ലിനിക്	ശ്രീമതി ബിജിനി മനോജ് അസിസ്റ്റന്റ്	48,000/-	750/-	600/-	1240302277/ 13.2.2025	150/-
24		ശ്രീമതി ജാൻസി ബാബു റിസപ്ഷനിസ്റ്റ്	48,000/-	750/-	600/-		150/-
25	ഡിസൂക്കി കൊർട്ട് മൊട്ടപ്പ്	ശ്രീ ആഷിൻ പി കുമാർ ബി.എ.	50,822/-	600/-	300/-	1240302283/ 14.02.2025	300/-
		ആകെ (₹)		18,150/-	13,380/-		4,770/-

മേൽ ആക്ഷേപങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/16.07.2025) മറുപടിയിൽ മുട്ടം ഗ്രാമപ്പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശ്ശോധിച്ച ഉത്തരവ് പ്രകാരം ഈടാക്കുന്നതിന് യഥാസമയം നോട്ടീസ് നൽകിയിരുന്നെന്നും എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ചില ജീവനക്കാരുടെ തൊഴിൽ നികുതി മുൻ ഉത്തരവ് പ്രകാരമാണ് ഈടാക്കിയിരുന്നതെന്നും ആയതു സംബന്ധിച്ച് ടി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും കാവു വന്ന ഇക ഈടാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. കാവ് വന്ന ഇക ₹4,770/-ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

2-2 വാസഗൃഹനിർമ്മാണം - പെർമിറ്റ് ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കി

ഗ്രാമപ്പഞ്ചായത്തിലെ ശ്രീമതി മോൾസി മാത്യു, ചെമ്മാംപ്ലാക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സർവേ നം. 137/4-2 – ൽ പ്പെട്ട സ്ഥലത്ത് 384.81 M2 വാസഗൃഹം പണിയുന്നതിനായി 20.07.2024 – ലെ 1740/24 - നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിന് ₹2,000/- അപേക്ഷാ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ രസീത നം. 12403006 33/20.07.2024 പ്രകാരം ₹1,000/- മാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. പെർമിറ്റ് ഫീ കാവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/18.07.2025) ഈടാക്കിയതിൽ കാവ് വന്ന ഇക ഈടാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. കാവ് വന്ന ഇക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ്റിപ്പോർട്ടിന്റെ ഭാഗമാകുന്നു]

3-1 പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികം ഇക നൽകി - നഷ്ടം ₹5,000/-

പദ്ധതി നം./പദ്ധതിയുടെ പേര്	16/2024-2025. പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ (₹)	85,000/-(വികസന ഫണ്ട്എസ്.സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, മുട്ടം
ചെലവ് (₹)	80,000/-
ബിൽ നം./തീയതി	24100552010801624516/21.03.2025

മേൽ പദ്ധതി പ്രകാരം, പട്ടികജാതിവിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇവരിൽ അഭിനന്യ നിഷാന്ത്, മുക്കുംകോട്ടിൽ എന്ന വിദ്യാർത്ഥി, അൽ അസ്ഹർ കോളേജ് ഓഫ് നഴ്സിങ്ങ് എന്ന സ്ഥാപനത്തിൽ ഡിപ്ലോമ ഇൻ ജനറൽ നഴ്സിങ്ങ് ആന്റ് മിഡ് വൈഫറി കോഴ്സിനാണ് പഠിക്കുന്നത്. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ.വ.കു. നമ്പർ ഉത്തരവ്, അനുബന്ധം, അനുസരിക്ക നം. 7.2.4 – പ്രകാരം പ്ലസ് ടു – വിന് ശേഷമുള്ള സർക്കാർ അംഗീകൃത നഴ്സിങ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിനത്തിൽ ₹15,000/- ക്ക് മാണ് അർഹത. എന്നാൽ ടിയാൾക്ക് മേൽ

സൂചിത ബിൽ പ്രകാരം ₹20,000/- സ്പോളർഷിപ്പായി നൽകിയിട്ടുണ്ട്. അർഹതയിൽ അധികം ഇക നൽകിയതിന വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന (നം.5/14.07.2025) മറുപടി ലഭ്യമാക്കിയില്ല. അർഹതയിലും അധികം നൽകിയ ₹5,000/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

മെഡിസെപ് പ്രീമിയം ഒടുക്ക് (ഗ്രൂപ്പ് ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (₹)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക (₹)	റിമാർക്സ്
14	82,000/-	82,000/-	0	ഡിസംബർ 2024 മുതൽ മാർച്ച് 2025 വരെ 13 ജീവനക്കാർ

*(01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഗ്രൂപ്പ് ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക (₹)	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ന് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഗ്രൂപ്പ് ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (₹) (07/2022 മുതലുള്ള കടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ അതുൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക (₹)	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഗ്രൂപ്പ് ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക (₹)	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	

4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

നൽകിയ സ്ഥാപനം	ഇക ലഭിച്ച	ലഭിച്ച ഇക (₹)	പദ്ധതി നം./പദ്ധതിയുടെ പേര്	ചെലവ് (₹)	ബാലൻസ് (₹)

	വർഷം				
ബ്ലോക്ക്പഞ്ചായത്ത്	2024-2025	2,40,000/-	19/25, ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	1,09,500/-	0
ബ്ലോക്ക്പഞ്ചായത്ത്	2024-2025	5,00,000/-	75/25, ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)	2,25,000/-	0
ബ്ലോക്ക്പഞ്ചായത്ത്	2024-2025	5,00,000	78/25, ലൈഫ് ഭവനപദ്ധതി (ടി.എസ്.പി.)	1,48,202/-	0
		ആകെ		4,82,702/-	
ജില്ലാപഞ്ചായത്ത്	2024-2025	5,25,000/-	2/25, പാലിന്ന സബ്സിഡി – ജനറൽ)	47,167/-	0
ജില്ലാപഞ്ചായത്ത്	2024-2025	3,50,000/-	62/25, ഇരട്ടവീടുകൾ ഒറ്റ വീടാക്കൽ	40,000/-	0
ജില്ലാപഞ്ചായത്ത്	2024-2025	25,00,000/-	73/25, ലൈഫ് ഭവനപദ്ധതി (ജനറൽ)	11,05,000/-	0
ജില്ലാപഞ്ചായത്ത്	2024-2025	16,00,000/-	75/25, ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)	6,20,000/-	O
ജില്ലാപഞ്ചായത്ത്	2024-2025	10,00,000/-	78/25, ലൈഫ് ഭവനപദ്ധതി (ടി.എസ്.പി.)	1,20,000/-	0
ജില്ലാപഞ്ചായത്ത്	2024-2025	15,00,000/-	200/25, 13 വാർഡുകളിലും സൊളാർ തെരുവ് സ്ഥാപിക്കൽ	14,91,414/-	0
		ആകെ		39,06,283/-	

4-3 നിരക്ഷരപ്രവൃത്തികൾ

നിർവ്വഹണ ഏജൻസിയുടെ പേര്	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നം/ തീയതി	ഇനിമുതൽ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
GWD	206/25, 3 -ാം വാർഡ് ആനമല്ല് സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കൽ	XVFC/2024-2025/P/29/13.03.2025 XVFC/2024-25/P/35/15.03.2025	1,56,375/-	1,56,000/-	375/-
GWD	246/25, പശുവാരം കുന്നിക്കുമാനിന് ചാണ്ടി പണ്ട സ്ഥാപിക്കൽ	XVFC/2024-2025/P/38/20.03.2025, XVFC/2024-25/P/48/23.03.2025	75,000/-	75,000/-	0
KWA	183/25, 56 വാർഡുകളിൽ കൊടുക്കുന്ന വാട്ടർടാങ്കിൽ നിന്നും മാറിക്കാൻ ഗാർഹത്തിലുള്ള പൈപ്പ് ലൈൻ മാറ്റൽ	XVFC/2024-2025/30/15.03.2025 XVFC/2024-25/P/21/13.03.2025 XVFC/2024-2025/16/22.02.2025 XVFC/2024-25/40/22.03.2025	1,50,000/-	1,50,000/-	0
KWA	184/25, പൂച്ചിലാംകുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 4	XVFC/2024-25/P/22/15.03.2025 XVFC/2024-25/P/30/15.03.2025 XVFC/2024-25/P/31/15.03.2025, XVFC/2024-25/P/15/22.02.2025 XVFC/2024-25/P/14/22.03.2025	2,00,000/-	2,00,000/-	0
KWA	185/25, ഇല്ലിച്ചാടി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻമാറ്റൽ വാർഡ് 11	XVFC/2024-2025/32/15.03.2025, XVFC/2024-2025/14/22.02.2025, XVFC/2024-2025/42/22.03.2025	1,00,000/-	1,00,000/-	0

KWA	187/25, 9-ാം വാർഡ് മാത്തിപ്പാറ കുടിവെള്ള പദ്ധതി തൊഴു മെഷീൻ നീട്ടൽ	XVFC/2024-25/43/22.03.2025	1,80,000/-	1,80,000/-	0
KWA	186/25, 10-ാം വാർഡിൽ ഇടുപ്പാറ കുടിവെള്ള പദ്ധതി തൊഴു മെഷീൻ മാറ്റലും നീട്ടലും	XVFC/2024-25/25/13.03.2025 XVFC/2024-25/36/15.03.2025 XVFC/2024-25/P/12/22.02.2025 XVFC/2024-25/44/22.03.2025	2,50,000/-	2,50,000/-	0
KWA	(205/25), വണ്ടിത്താവളം സൗർ കുടിവെള്ള പദ്ധതി തൊഴു മെഷീൻ നീട്ടൽ	22400963/25.03.2025 22400965/25.03.2025 22400977/25.03.2025	1,43,187/-	1,43,187/-	0
ANERT	200/25, വാർഡുകളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ	22401026/30.03.2025 22400968/30.03.2025	1,12,000/-	0	1,12,000/-
KSEB	എസ്. റ്റി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (108/25)	24100552015901653608/25.03.2025 24100552015901654895/25.03.2025	1,04,511/-	0	1,04,511/-
KSEB	(21/25), എസ്.സി. കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	24100552015901653604/25.03.2025 24100552015901653606/25.03.2025	1,04,511/-	0	1,04,511/-
GWD	(192/25), പന്നികുന്ന് കുടിവെള്ളപദ്ധതി	22400487/29.10.2025	94,000/-	94,000/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര് ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള കുടിശ്ശിക തുക (₹)	തൽവർഷം വായ്പ (₹)	തൽവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
മൈക്രോ ഫൈനാൻസ് പദ്ധതി	സ.ഉ.(എം. എസ്.) നം.68/2018/ എൽ.എസ്.ജി.ഡി. തീയതി 18.05.2018	60,16,388/-	50,40,523/-	58,74,676/-	12,48,746/-	-	96,66,453/-

4-6 സഹനിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ആവശ്യപ്പെടുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2013-2014	2013-2014	3-1, 5(4)	ജലസ്രോതസ്സുകളുടെ സംരക്ഷണവും കടിഞ്ഞാണിടുള്ള പദ്ധതികളും	വിവരം ലഭ്യമാക്കിയിട്ടില്ല

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പട്ടിക

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

Sl No	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിത്വമുള്ള വ്യക്തിയുടെ പേര്, ഔദ്യോഗിക സ്ഥാനം, മേൽവിലാസം	സർചാർജ്ജ് നടപടിക്കായി		സ്വമേധയാ തിരിച്ചടച്ച തുക (₹) (രസീത് നം./ തീയതി)	നടപടി ക്രമത്തിനു ശേഷം തിരിച്ചടച്ച തുക (₹) (തീയതി)	കോടതി മുഖേനയുള്ള നടപടി		തുക എഴുതിത്തള്ളിയ തുക (₹)	ഈടാക്കാനുള്ള തുക (₹)/ ഈടാക്കിയ തുക (₹)	നടപടി പൂർത്തിയായ തീയതി
				നിരസിച്ച തീയതിയും	തുക (₹)			ഇനി പിടിക്കാനുള്ള തുക (₹)	ഈടാക്കിയ തുക (₹)			
1	1998-1999	27	ശ്രീ പത്മനാഭൻ മുൻസിപ്പൽ സൂപ്രണ്ട്	LF.960/ SC2/2002 Dt.17.12.2002	30,000/-		To DDP Dated 05.10.2003				ഈടാക്കി വിവരം ലഭ്യമാക്കിയിട്ടില്ല	
2	2005-2006	3-4	ശ്രീ ഷാജി സിഡബ്ല്യൂഎ സെക്രട്ടറി	LF.17046/ Spl.Cell/ SC.2/2009 Dt.18.12.2010	2,250/-	2,250/- 87/15946/ 01.09.2011				2,250/-	ഇല്ല	
3	2005-2006	3-5	ശ്രീ ഷാജി സിഡബ്ല്യൂഎ സെക്രട്ടറി	LF.17046/ Spl.Cell/ SC.2/2009 Dt.18.12.2010	6,300/-	6,300/- 87/15946/ 01.09.2011				6,300/-	ഇല്ല	
4	2003-2004	3-2	ശ്രീ ബി.ബാലകൃഷ്ണപിള്ള സെക്രട്ടറി	LF.4214/ SPL.Cell (Sc2)/2007 Dt.29.07.2008	7,757/-	7,757/- 71/46977/ 25.03.2010				7,757/-	ഇല്ല	
5	1996-1997	30	ശ്രീ എൻ.എൻ പത്മനാഭൻ ഇളയത് സെക്രട്ടറി	LF.22615/ Spl.Cell (Sc1)/1999 Dt.25.03.2000	113/-	113/- 56/60883 11.12.2008				113/-	ഇല്ല	
6	2012-2013 & 2013-2014	3(1)	ശ്രീ എം.എൻ. വിജയൻ സെക്രട്ടറി	KSA-2575/ Spl.Cell/ CSC/ C1/2016/ 12.04.2016	15,000/-	15,000/- 1170201/ 00947/ 14.08.2017				15,000/-	ഇല്ല	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സാക്ഷിപ്പ വിവരം

മുന്നിരിപ്പ് (₹)	1,41,34,443/-
ഓഡിറ്റ് വർഷത്തെ വരവ് (₹)	3,64,00,515/-
ആകെ (₹)	5,05,34,958/-
ഓഡിറ്റ് വർഷത്തെ ചെലവ് (₹)	3,51,08,942/-
നീക്കിയിരിപ്പ് (₹)	1,54,26,016/-

കുറിപ്പ്:- 2024-2025 – ലെ മെസിറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.	
വരവിനങ്ങളിലുള്ള നഷ്ടം (₹)	5,770/-
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	5,000/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	9,30,187/-

(ബി) പഞ്ചായത്ത് വഹിക്കേണ്ടതായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

വൗച്ചർ നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ (₹)	സർചാർജ്ജ് ചെയ്യാവുന്നവ (₹)	
2-1	4,770/-	0	ശ്രീമതി രേണുകാദേവി അമ്മാൾ എസ്. സെക്രട്ടറി
2-2	1,000/-	0	ശ്രീമതി രേണുകാദേവി അമ്മാൾ എസ് സെക്രട്ടറി
3-1 (1-17)	0	5,000/-	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
ആകെ	5,770/-	5,000/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

വൗച്ചർ നം.	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-29	16,69,209/-	ശ്രീമതി രേണുകാദേവി അമ്മാൾ എസ് സെക്രട്ടറി
ആകെ	16,69,209/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി രേണുകാദേവി അമ്മാൾ എസ് സെക്രട്ടറി	സെക്രട്ടറി മുട്ടം ഗ്രാമപ്പഞ്ചായത്ത്	മൂഴിക്കൽ ഹൗസ് പഴവങ്ങാട് പി.ഒ. റാന്നി, പത്തനംതിട്ട പിൻ – 689673
ശ്രീ ജെന്നി ജോസ് ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ	റിട്ടയേഡ്	കുഞ്ഞിര, മാറാടി പി.ഒ. എറണാകുളം, പിൻ – 686673

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.
1998-1999	കെ.എസ്.എ.ആർ.ഡി.കെ.പി2/1386(1998-1999 അദാലത്ത്-ആഗസ്റ്റ്)/2022 തീ. 19.08.2022	1	27
2005-2006	കെ.എസ്.എ.ആർ.ഡി.കെ.പി2/1386(2005-2006 അദാലത്ത്-ആഗസ്റ്റ്)/2022 തീ. 19.08.2022	1	3-11

2006-2007	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2006-2007 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	2	3-8, 3-12
2007-2008	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2007-2008 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	3	3-3, 3-4, 3-5
2012-2013& 2013-2014	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2012-2013, 2013-2014 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	2	3-1, 3-4(എ, ബി)
2014-2015	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2014-2015 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	4	2-1, 3-1, 3-3, 3-6
2015-2016	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2015-2016 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	1	3-3
2016-2017	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(201620-17 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	4	2-4, 2-5, 2-6, 3-1
2017-2018	കെ.എസ്.എ.ഐ.ഡി.കെ.പി2/1386(2017-2018 ആഡിറ്റ്-ആഗസ്റ്റ്)/2022 തീ. 19.08.2022	2	1-12, 3-3
2018-2019	കെ.എസ്.എ.ഐ.ഡി.കെ.7/742/2019	10	2-1,2-2,2-3,3-1, 3-2,3-3,3-4, 3-5,3-6,3-7
2019-2020	കെ.എസ്.എ.ഐ.ഡി.കെ.7/274/2021 തീ. 03.03.2021	19	1-9 മുതൽ 1-24 വരെ
2020-2021	കെ.എസ്.എ.ഐ.ഡി.കെ.7/274/2021 തീ. 03.03.2021	29	1-1 മുതൽ 1-28 വരെ, 2-1
2021-2022	കെ.എസ്.എ.ഐ.ഡി.കെ.പി3/330/2023 തീ. 05.04.2023	12	1-9, 1-12 മുതൽ 1-16 വരെ, 1-18 മുതൽ 1-23 വരെ
2022-2023	കെ.എസ്.എ.-ഐ.ഡി.കെ.പി2-1128/2023 തീ. 27.12.2023.	15	1-9, 1-11മുതൽ 1-17വരെ, 1-21 മുതൽ 1-27 വരെ
2023-2024	കെ.എസ്.എ.-ഐ.ഡി.കെ.പി2-889/2024 തീ. 20.09.2024		1-1-1 മുതൽ 1-1-11 വരെ 1-4, 1-8, 1-9, 1-9-1 മുതൽ 1-12 വരെ, 1-14 മുതൽ 1-32 വരെ

ഒഴിച്ചുള്ള ഖണ്ഡികകൾ ഇല്ലാതിരിക്കുക

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 20-06-2025 and submitted on 23-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Muttom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Muttom Grama Panchayat as on 31-03-2025

Date: 13/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Muttom Grama Panchayat for the Year 2024-2025.

1.Major Observations

1.The Asset value shown in Balance Sheet is not traceable to Asset register due to unsupported design of existing asset register

2.Other Observations

1.All mandatory financial statements such as ratios and notes are not included in AFS

2.Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3.Lapses in making timely and accurate demand entries in respect to tax and non tax revenues.

4.Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items

5.Depreciation provided for assets arenot reliable for audit

6.Accumulated depreciation provided for an asset exceeds the bookvalue.

7.No equivalent amount has been transferred to the capital contribution head when the assets were created

8. capital contribution is provided for maintance grant

9 B 5 shedule in balance sheet does not match with B 16 shedule

10 The Sulekha sstatement does not cover all of the expenses that took place in 2024-2025.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്